

സിനിമയിലെ പുതുതലമുറക്ക് അനുഭവമില്ല -ജയരാജ്

# മാധ്യമ
ആഴ്ചപ്പത

2016
JANUARY 11
₹ 15

## നീതിക്കുരുക്കിലെ കുട്ടികൾ

ഡോ.കെ.എസ്. ഡേവിഡ്

## നിങ്ങൾ ചെടിത്തുള്ളനെയും മരത്തുള്ളനെയും കണ്ടിട്ടുണ്ടോ?

പേജ് 50

# ഗോഡ്സെയുടെ വീട്ടിൽ തുഷാർഗാന്ധി പോയത് എന്തിന്?

ഗാന്ധിജിയുടെ പ്രപൗത്രൻ തുറന്നുപറയുന്നു

കവർ സ്റ്റോറി

# ബാപ്പുവാണ് ശരി; ലക്ഷ്യത്തിലും മാർഗത്തിലും

•

ഗാന്ധിജിയുടെ പ്രപൗത്രനും ആക്ടിവിസ്റ്റുമായ തുഷാർ ഗാന്ധി മനസ്സു തുറക്കുകയാണ് ഇവിടെ. ഗാന്ധിസം മാത്രമല്ല തന്നെ ആഞ്ഞു പ്രഹരിച്ച വിവാദങ്ങളും രാജ്യത്ത് ശക്തമാകുന്ന അസഹിഷ്ണുതയുമെല്ലാം ഈ സംഭാഷണം പരാമർശ വിഷയമാക്കുന്നു. സ്വയം വിമർശിച്ച് നീളുന്ന ഈ അഭിമുഖം ഗാന്ധിപക്ഷത്തുനിന്നുള്ള ശക്തമായ ഇടപെടൽ കൂടിയാണ്. രാജ്യം വെല്ലുവിളി നേരിടുന്ന സമകാലിക അവസ്ഥയിൽ ഗാന്ധിസം തന്നെയാണോ മറുപടി?

•

**തുഷാർ ഗാന്ധി / സേതു ദാസ്, ആർ.കെ. ബിജുരാജ്**

ഗാന്ധിജിയുടെ പിന്മുറക്കാരൻ എന്നത് ഭാരമേറിയ വലിയ ടാഗാണ്. ഒരു വശത്ത് അത് ബഹുമതിയാണ്. അതേസമയം, പിന്മുറക്കാരൻെറ ഓരോ വാക്കും പ്രവൃത്തിയും ലോകത്തിൻെറ ശ്രദ്ധപിടിച്ചു പറ്റും. പലപ്പോഴും അവർ വിവാദങ്ങളിൽ മുങ്ങിത്താഴും. ഗാന്ധിസത്തിന് നേരെയുള്ള വിമർശം അറിയാതെ അവരിലേക്ക് ചെന്നെത്തും. മാത്രമല്ല, രാജ്യം വെല്ലുവിളി നേടുന്ന സമകാലിക അവസ്ഥയിൽ ഗാന്ധിജിയുടെ പിന്മുറക്കാരൻ എന്നത് ഒരു വിധത്തിലും ലളിതമായ രാഷ്ട്രീയ ഉത്തരവാദിത്തമല്ല.

ഗാന്ധിജിയുടെ പ്രപൗത്രൻ എന്നതല്ല തുഷാർ ഗാന്ധിയുടെ ഏക യോഗ്യത. അതല്ല ഈ അഭിമുഖത്തിൻെറ മാനദണ്ഡവും. സാമൂഹികവിമർശകൻ, രാഷ്ട്രീയ ആക്ടിവിസ്റ്റ്, മനുഷ്യാവകാശ പ്രവർത്തകൻ, ചിത്രകാരൻ, ഗ്രന്ഥകർത്താവ്, മഹാത്മാഗാന്ധി ഫൗണ്ടേഷൻ മേധാവി തുടങ്ങി വിവിധ തലങ്ങളിൽ രാജ്യാന്തര തലത്തിൽ ശ്രദ്ധേയമായ വ്യക്തിത്വങ്ങളിൽ ഒരാളാണ് അദ്ദേഹം. ഇന്തോ-അമേരിക്കൻ സാമൂഹിക ശാസ്ത്രജ്ഞനും പത്രപ്രവർത്തകനുമായ അരുൺ മണിലാൽ ഗാന്ധിയുടെയും സുനന്ദഗാന്ധിയുടെയും മകനാണ് തുഷാർ ഗാന്ധി. ഗാന്ധിജിയുടെ പേരമകനാണ് അരുൺ മണിലാൽ ഗാന്ധി (ഗാന്ധിയുടെ പുത്രൻ മണിലാലിൻെറ മകൻ). 1960 ജനുവരി 17ന്, ബോംബെക്കും കൊൽക്കത്തക്കുമിടയിൽ ഒരു ട്രെയിൻ യാത്രയിലാണ് തുഷാർ ഗാന്ധിയുടെ ജനനം. മുംബൈ സാന്താക്രൂസിലാണ് വളർന്നതും പഠിച്ചതും. സാന്താക്രൂസിലെ ഗുജറാത്തി സ്കൂളായ ആദർശ് വിനയ് മന്ദിറിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. മിതിബായി കോളജിൽനിന്ന് ചിത്രകലയിൽ ബിരുദം നേടി. 2005ൽ, ദണ്ഡിയാത്രയുടെ 75ാം വാർഷികത്തിൽ പ്രതീകാത്മക ദണ്ഡിയാത്ര നയിച്ചു. ഉപ്പുസത്യഗ്രഹികളോട് ബഹുമാനസൂചകമായി ഗുജറാത്തിലെ ദണ്ഡിയിൽ ഒരു ദേശീയ സ്മാരകത്തിൻെറ ആശയം പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയും ആ പദ്ധതിയുടെ ചുക്കാൻ പിടിക്കുകയും ചെയ്യുന്നു. 2006ൽ CISRI-ISP ഗുഡ്‌വിൽ അംബാസഡറായി നിയമിക്കപ്പെട്ടു. ആസ്ട്രേലിയൻ ഇന്ത്യൻ റൂറൽ ഡെവലപ്മെൻറ് ഫൗണ്ടേഷൻ ചെയർമാൻകൂടിയാണ്. വിവാദമുയർത്തിയ 'ലെറ്റ്സ് കിൽ ഗാന്ധി' എന്ന കൃതിയുടെ കർത്താവാണ്. 2001ൽ ഒരു അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡ് കമ്പനിക്ക് ഗാന്ധിജിയുടെ ചിത്രം ഉപയോഗിക്കാൻ അനുമതി നൽകുന്ന വിധത്തിൽ അമേരിക്കൻ മാർക്കറ്റിങ് കമ്പനിയുമായി തുഷാർ ഗാന്ധി ധാരണയിലെത്തിയത് വൻ ഒച്ചപ്പാട് ഉയർത്തി. ബഹുജനപ്രതിഷേധംമൂലം ഈ തീരുമാനം പിൻവലിച്ചു.

ഭാര്യ സൊണാൽ ദേശായിക്കും മക്കളായ വിവാൻ ഗാന്ധി, കസ്തൂരി ഗാന്ധി എന്നിവർക്കുമൊപ്പം മുംബൈയിലാണ് തുഷാർ ഗാന്ധിയുടെ താമസം.

അദ്ദേഹവുമായി നേരിട്ടും, ഓൺലൈനി



↑ തുഷാർ ഗാന്ധി

photo • Prashant Sharma



ലൂടെയും നടത്തിയ അഭിമുഖം:

**'ആധുനിക നാഗരികതയുടെ അടയാളം' എന്നാണ് ഗാന്ധിജി ട്രെയിനിനെ വിശേഷിപ്പിച്ചത്. ആ അടയാളവുമായി താങ്കളുടെ ജീവിതത്തിന് അഭേദ്യമായി ബന്ധമുണ്ട്. 1960ൽ ട്രെയിനിലാണ് ജനനം. ട്രെയിനിലെ ജനനത്തെ സ്വയം എങ്ങനെയാണ് കാണുന്നത്?**

● സാഹസികമെന്ന് പറയാവുന്ന ജനനം എൻെറ സാഹസികമായ സ്വഭാവത്തിൻെറ വിളിച്ചറിയിക്കലാവാം. അജ്ഞാതവും അപ്രതീക്ഷിതവുമായ വെല്ലുവിളികളെയും ഭീഷണിയെയും ഞാൻ ഒരിക്കലും ഭയപ്പെട്ടിട്ടില്ല. അത് ഭയന്ന് പിന്മാറിയിട്ടുമില്ല. ഉയർന്ന മലകളിൽ കയറുമ്പോൾ ഭയം തോന്നുന്ന അവസ്ഥ (ഫോബിയ) എനിക്കുണ്ടായിരുന്നു. അടുത്തിടെ അമേരിക്ക സന്ദർശനവേളയിൽ ഈ അർഥരഹിതമായ ഭയത്തെ മറികടക്കാൻ നിശ്ചയിച്ച്, സ്കൈ ഡൈവിങ് നടത്താൻ ഞാൻ തീരുമാനിച്ചു. ഒരുകൂട്ടം സാഹസികരോടൊപ്പം സ്കൈ ഡൈവിങ് നിശ്ചയിച്ചു. ഒരു ചെറു വിമാനത്തിൽ 18,000 അടി ഉയരത്തിൽനിന്ന് താഴേക്ക് ചാടി. 90 സെക്കൻഡ് സ്വതന്ത്രമായി താഴേക്ക് പതിക്കുന്നത് ഞാൻ അറിഞ്ഞു. അതായിരുന്നു ജീവിതത്തിലെ ഉന്മേഷദായകമായ അനുഭവം. അത്യുന്നത മലകളെക്കുറിച്ചുള്ള ഭയത്തെ ഞാനിപ്പോൾ മറികടന്നിരിക്കുന്നു.

ജീവിതത്തിൽ നിരവധി വെല്ലുവിളികളും പ്രതിസന്ധികളും എതിരിടേണ്ടിവന്നിട്ടുണ്ട്. അത് മറികടക്കുന്നതിൽ ഞാൻ സന്തോഷം കണ്ടെത്തുന്നു. ബാപ്പു, മുത്തശ്ശൻ മണിലാൽ, അച്ഛൻെറ ബന്ധു കാന്തി ഗാന്ധി എന്നിവരെല്ലാം 1930ൽ നടത്തിയ ചരിത്രപരമായ ദണ്ഡിയാത്രയെ പിന്തുടർന്ന് മറ്റൊരു യാത്ര നടത്താൻ തീരുമാനിക്കുന്ന സമയത്ത് (2005ൽ) ഉദാസീനത പുലർത്തുന്ന സ്വഭാവമുള്ളയാളായിരുന്നു ഞാൻ. അതിനാൽ ആറുമാസം മുമ്പെങ്കിലും യാത്രക്കുവേണ്ട പരിശീലനം നടത്തണമെന്ന് എല്ലാവരും ഉപദേശിച്ചു. ഞാനത് ചെയ്തില്ല. അതിജീവിക്കാനാവുമെന്നും എനിക്ക് യാത്ര പൂർത്തിയാക്കാനാവുമെന്നും ആരും കരുതിയില്ല. മിക്കവരും പറഞ്ഞത് ആദ്യ ദിവസം തന്നെ ഞാൻ യാത്ര അവസാനിപ്പിക്കുമെന്നാണ്. എന്നാൽ യാത്ര പൂർത്തിയാക്കാൻ ഞാൻ ദൃഢനിശ്ചയം ചെയ്തിരുന്നു. യാത്ര സഹിക്കാനാവില്ലെങ്കിൽ പിന്മാറാൻ ഞാൻ തീരുമാനിച്ചിരുന്നു. അപ്പോൾ ആന്തരിക ശബ്ദം എന്നോട് സംസാരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ആന്തരിക ശബ്ദം സബർമതിയിൽനിന്ന് ദണ്ഡിവരെയുള്ള യാത്ര പൂർത്തിയാക്കാൻ സഹായിച്ചു. പറഞ്ഞുവരുന്നത് എൻെറ വേറിട്ട ജനനംതന്നെയാകാം എന്നിൽ വീണ്ടുവിചാരമില്ലാത്ത സാഹസികമനോഭാവം നിറച്ചത് എന്നാണ്. ബാപ്പു രാഷ്ട്രത്തിലെമ്പാടും ചുറ്റിക്കറങ്ങിയത് ട്രെയിനിലാണ്. അതേ ചുറ്റിക്കറങ്ങൽ ത്വര എന്നിലുമുണ്ട്.

**എങ്ങനെയാണ് താങ്കൾ മുതുമുത്തശ്ശനെയും രാഷ്ട്രപിതാവിനെയും വിലയിരുത്തുന്നത്?**

● എന്നെ സംബന്ധിച്ച് മുതുമുത്തശ്ശനും രാഷ്ട്രപിതാവും ലോകം ആദരിക്കപ്പെടുന്ന വ്യക്തിയും എല്ലാംചേർന്നതാണ് ഗാന്ധി. അതെന്നത് മൂന്ന് വ്യക്തിത്വങ്ങൾ ഒരാളിൽ ഉൾച്ചേർന്ന ഒരു വ്യക്തിയുമായുള്ള സവിശേഷബന്ധംപോലെയാണ്. ജീവിതത്തിലെ ദുഃഖം ബായും ബാപ്പുവും ജീവിച്ചിരിക്കുമ്പോൾ ജനിച്ചില്ലെന്നതും ബായുടെ സ്നേഹം അനുഭവിക്കാനും ബാപ്പുവിൻെറ ജീവിതപാഠങ്ങൾ നേരിട്ട് മനസ്സിലാക്കാനായില്ലെന്നതുമാണ്. എൻെറ ദുരന്തം എന്നത് ബാപ്പു വധിക്കപ്പെടാൻ കാരണമായ ആശയത്തിൻെറ പ്രചാരകരായ ആർ.എസ്.എസുകാരുടെ അധിക്ഷേപത്തിന് ഞാനും വിധേയമാകുന്നുവെന്നതാണ്. ബാപ്പു ഒരു പബ്ലിക് ഫിഗർ ആയിരുന്നു എന്നതാണ് അതിന് കാരണം. മറ്റുള്ളവരെപ്പോലെ ബാപ്പു ഞങ്ങൾക്ക് വ്യക്തിപരമായി കാരണവരായിരുന്നില്ല. സ്വകാര്യമായി ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യാനാവുന്ന ഓർമകളല്ല എനിക്ക് ബാപ്പു

വിനെപ്പറ്റിയുള്ളത്. അദ്ദേഹത്തിന്റെ പൊതുവ്യക്തിത്വം ആ സാധ്യത ഇല്ലാതാക്കിക്കളഞ്ഞു. ബാപ്പുവിന്റെ മരണത്തിൽ സ്വകാര്യമായി ദുഃഖമാചരിക്കാൻപോലും കുടുംബാംഗങ്ങൾ അനുവദിക്കപ്പെട്ടിരുന്നില്ല. കുടുംബത്തിലെ മുതിർന്ന കാരണവർ എന്നതിനെക്കാൾ അദ്ദേഹം പൊതുപ്രവർത്തകനായതാണ് അതിനു കാരണം. എനിക്ക് തോന്നുന്നത് എല്ലാ പബ്ലിക് ഫിഗറുകളുടെയും കുടുംബങ്ങൾ സഹിക്കേണ്ട ത്യാഗമാണിതെന്നാണ്. ബായുടെയും ബാപ്പുവിന്റെയും പിന്തുടർച്ചക്കാരനാവുന്നതിൽ എനിക്ക് അഭിമാനമുണ്ട്. അദ്ദേഹംതന്നെയാണ് എന്റെ രാഷ്ട്രപിതാവ് എന്നതും അതിലേറെ അഭിമാനമുള്ള സംഗതിയാണ്.

**നിങ്ങൾ സ്വയം വിശേഷിപ്പിക്കുന്നത് 'പരാജയപ്പെട്ട രാഷ്ട്രീയക്കാര'നായാണ്. ഇന്ത്യൻ രാഷ്ട്രീയത്തിൽ ശരിക്കും താങ്കൾ പരാജയമാണെന്നാണോ, അതോ ഈ ഇരുണ്ട രാഷ്ട്രീയം താങ്കളെ ഉൾക്കൊള്ളുന്നതിൽ പരാജയപ്പെട്ടെന്നാണോ?**

● 'പരാജിത രാഷ്ട്രീയക്കാരൻ' എന്നു പറഞ്ഞത് എന്റെ കഴിവിന്റെ പരാജയത്തെപ്പറ്റിയാണ്. വിജയിച്ച രാഷ്ട്രീയക്കാരനാകാൻ പ്രത്യേക കഴിവുകൾ ആവശ്യമാണ്. ഇന്ത്യൻ രാഷ്ട്രീയത്തിൽ മാത്രമല്ല, പൊതുവിൽ രാഷ്ട്രീയത്തിൽതന്നെ. രാഷ്ട്രീയത്തിൽ ചേർന്നശേഷം എനിക്ക് രാഷ്ട്രീയം അത്യധികം സ്പെഷലൈസ്ഡ് കരിയർ ആണെന്നും വിജയിക്കാൻ കേവല കഴിവുകൾ പോരെന്നും മനസ്സിലായി. ഇരുണ്ട രാഷ്ട്രീയനടപടികളും 'ആദർശമില്ലാത്ത ജനപ്രിയരാഷ്ട്രീയ'വും രാഷ്ട്രീയത്തോട് വിമുഖത തോന്നാൻ കാരണമായിട്ടുണ്ട്. രാഷ്ട്രീയത്തിലെ ആദർശമില്ലായ്മ, തട്ടിപ്പ്, അഴിമതി എല്ലാം വിമുഖതക്ക് കാരണമാണ്. അതുപോലെ അവസരവാദവും ലക്ഷ്യം പ്രധാനവും മാർഗം അപ്രസക്തമാവുന്ന രീതികളും എന്നെ പിന്നോട്ടടിച്ചു. രാഷ്ട്രീയത്തിലൂടെ ലഭിക്കാനിടയുള്ള 'പ്രതിഫലം' പലരുടെ അതിയായ താൽപര്യമാകുന്നത് എന്നെ ഭയപ്പെടുത്തി. അത്തരം പ്രലോഭനങ്ങളുടെ പരീക്ഷണത്തെ എങ്ങനെ അഭിമുഖീകരിക്കുമെന്ന ഭയം എനിക്കുമുണ്ടായിരുന്നു. അത്തരം പ്രലോഭനത്തെ ചെറുക്കുന്നതിൽ എനിക്ക് ആത്മവിശ്വാസമുണ്ടായിരുന്നില്ല. അതുപോലെ അത്തരം സാധ്യത നഷ്ടപ്പെടുത്താനും ഞാൻ ഒരുക്കമായിരുന്നില്ല. ഈ ഘടകങ്ങളെല്ലാം രാഷ്ട്രീയത്തിലെ എന്റെ പരാജയത്തിൽ പങ്കുവഹിച്ചു.

**സാമൂഹിക, രാഷ്ട്രീയ മാറ്റത്തിന് ഇന്നും അക്രമരാഹിത്യം\അഹിംസ നല്ല മാർഗമായി കരുതുന്നുണ്ടോ?**

● ബാപ്പുവിന്റെ പൗത്രനാണ് എന്നതിനാൽ അക്രമരാഹിത്യത്തിലുള്ള വിശ്വാസം അടിച്ചേൽപിക്കപ്പെട്ട ഒന്നല്ല. വ്യക്തിപരമായി വിശ്വസിക്കുന്നത് ജീവിക്കുക, മനുഷ്യരെ സാധ്യമാകുന്നത്ര ജീവിക്കാൻ അനുവദിക്കുക എന്നതാണ്. പ്രകൃതിക്കും പരിസ്ഥിതിക്കുമെതിരായ നമ്മുടെ ദുര മൊത്തം സമൂഹത്തിന്റെയും നിലനിൽപിനെ ബാധിച്ചിട്ടുണ്ട്. ആഗോളതാപനം, കാലാവസ്ഥാവ്യതിയാനം, പ്രകൃതിക്ഷോഭം എന്നിവ ഭാവനാവിലാസമല്ല. അവ വ്യക്തവും ഇന്ന് നമ്മൾ അഭിമുഖീകരിക്കുന്ന അപകടവുമാണ്. അടുത്തിടെ ചെന്നൈയിലുണ്ടായ പ്രകൃതിദുരന്തവും പ്രകൃതിക്കെതിരെയുള്ള നമ്മുടെ ദുരയുടെയും അക്രമത്തിന്റെയും ഫലമാണ്. സാമൂഹിക-രാഷ്ട്രീയ മേഖലയിലും അക്രമം നമ്മുടെ ജീവിതരീതിയെ ഭീഷണിപ്പെടുത്തുകയും വ്യക്തിസ്വാതന്ത്ര്യമെന്ന ആശയത്തെ ഭയപ്പെടുത്താൻ ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു. അമേരിക്കയിൽ സെപ്റ്റംബർ 11 ആക്രമണവും പാരിസിൽ അടുത്തിടെ നടന്ന ആക്രമണവും പല പൗരാവകാശങ്ങളും സുരക്ഷയുടെ പേരിൽ ഇല്ലാതാക്കാനാണ് അതത് സർക്കാറുകൾ ഉപയോഗിച്ചത്. ഇന്ത്യയിലും അത്തരം ശ്രമം നടക്കുന്നുണ്ട്.


↑ തുഷാർ ഗാന്ധി -കുട്ടിക്കാലത്ത്

ഭീകരവാദികൾ അഴിച്ചുവിട്ട അക്രമത്തിനെതിരായ പ്രതിപ്രവർത്തനം അതിലേറെ അക്രമാത്മകമായിരുന്നു. സെപ്റ്റംബർ 11 ആക്രമണത്തിന് പ്രതികാരമായി അമേരിക്ക രണ്ട് രാഷ്ട്രങ്ങളെ നാമാവശേഷമാക്കി. ഇതിനുശേഷം സിറിയക്കെതിരെ അപ്രഖ്യാപിത ലോകയുദ്ധം അഴിച്ചുവിട്ടു. ഐ.എസാണ് ലക്ഷ്യമെന്ന് പറയുമെങ്കിലും സൂപ്പർ സോണിക് ജെറ്റിൽ ബോംബുകൾ വർഷിച്ചത് ഐ.എസ് തീവ്രവാദികൾക്കെതിരായല്ല. ആക്രമണത്തിൽ സിറിയൻ, സുഡാൻ, യമൻ പൗരന്മാർ കൊല്ലപ്പെട്ടു. പക്ഷേ, ഇത്തരം കൊലപാതകങ്ങൾ ഒരു പാർശ്വനഷ്ടമായാണ് വിലയിരുത്തപ്പെടുന്നത്. ഈ അലംഭാവം വർഗീയകക്ഷികൾക്ക് കൂടുതൽ പേരെ അണികളായി ചേർക്കാനും അങ്ങനെ അക്രമം ചാക്രികമായി ശാശ്വതമാകാനും ഇടനൽകുന്നുണ്ട്.

ഞാനെപ്പോഴും പറയുന്ന കാര്യമുണ്ട്. നമുക്ക് തലവേദന വരുമ്പോൾ കഴിക്കേണ്ട ഒരു മരുന്നല്ല അക്രമരാഹിത്യം. ഭിന്നതയുടെയും എതിർപ്പിന്റെയും ആദ്യ സൂചന കണ്ടുതുടങ്ങുമ്പോഴേ അക്രമരാഹിത്യം ഫലപ്രദമാണ്. പലപ്പോഴും ഇത്തരം സൂചനകൾ വസ്തുതയായിരിക്കും. മറ്റു ചിലപ്പോൾ അവ സാങ്കൽപികമായിരിക്കും. പക്ഷേ, നീതിക്ക് വേണ്ടിയുള്ള ആവശ്യം ബധിരകർണങ്ങളിൽ പതിക്കുമ്പോൾ രോഷം ഉയരുകയും അത് എതിർപ്പായി പടരുകയും ചെയ്യും. അത് അന്യതാവത്കരണം, ശത്രുത എന്നിവക്ക് കാരണമാവുകയും അക്രമത്തിലേക്ക് വഴിമാറുകയും ചെയ്യും. ഒരു ചാവേറിനെ മനം മാറ്റാൻ അഹിംസക്ക് കഴിയുമോ എന്ന ചോദ്യം പലതവണ ഞാൻ കേട്ടിട്ടുണ്ട്. മരണമാണ് നല്ലത് എന്ന് കരുതുന്ന രീതിയിൽ മസ്തിഷ്ക പ്രക്ഷാളനത്തിന് വിധേയനായി ഒരാൾ മാറുമെന്ന് കരുതുന്നത് ഉചിതമായിരിക്കില്ല. അക്രമരാഹിത്യം ഫലപ്രദമാകണമെങ്കിൽ അത് എതിർപ്പിന്റെ സൂചനകളെ തുടക്കത്തിലേ അഭിമുഖീകരിക്കണം. വ്യക്തി മരിക്കാനും കൊല്ലാനുമായി തീരുമാനിക്കുന്ന തലത്തിലെത്തിയാൽ അക്രമരാഹിത്യം ഫലപ്രദമാകുമെന്ന് കരുതുന്നത് തെറ്റാവും. സമാധാനത്തിനും നീതിക്കുവേണ്ടി നിലകൊള്ളുന്നതിനെക്കാൾ സ്വയം നശിച്ചും ചുറ്റുപാടുകളെ നശിപ്പിക്കാനും ശ്രമിക്കുന്നവർക്ക് നേരെ നമ്മൾ അഹിംസയല്ല സ്വീകരിക്കുന്നതും. അക്രമത്തിന്റെ ഫലം മരണവും നശീകരണവുമാണെന്ന് അംഗീകരിക്കണം.

**കമ്യൂണിസത്തെയും മാവോയിസത്തെയും എങ്ങനെ സമീപിക്കും?**

● രാജ്യത്ത് പൗരന്മാർക്കിടയിലെ സാമ്പത്തിക അസമത്വം അപായകരമായ അനുപാതത്തിൽ എത്തിയിട്ടുണ്ട്. പൗരന്മാരുടെ അവകാശം തുല്യമായ രീതിയിൽ വിതരണംചെയ്യപ്പെടുന്നില്ല. നഗരത്തിലെ ഉന്നതർ ആഡംബരങ്ങളും എ.സി വീടുകളുമായി ആഘോഷിക്കുകയാണ്. അതേസമയം ഗ്രാമത്തിലെ പാവപ്പെട്ടവർക്ക് കുടിവെള്ളംപോലുള്ള അടിസ്ഥാന ആവശ്യങ്ങൾപോലും നിഷേധിക്കപ്പെട്ടിരിക്കുന്നു. സർക്കാർ ഡിജിറ്റൽ ഇന്ത്യപോലുള്ള പദ്ധതികൾ പ്രഖ്യാപിക്കുമ്പോഴുമുള്ള അവസ്ഥയിതാണ്. ഇത്തരത്തിലെ അസമത്വങ്ങൾ മാവോവാദികൾ ചൂഷണം ചെയ്യുകയും അവർ പെട്ടെന്ന് തന്നെ ഇന്ത്യയുടെ ഹൃദയത്തിൽ സ്വാധീന മേഖല സൃഷ്ടിക്കുകയും ചെയ്തു. ആ മേഖലയിൽ സർക്കാർ അധികാരം നിലനിൽക്കാത്ത അവസ്ഥയാണ്. തങ്ങൾ വാദിക്കുന്നത് നടപ്പാക്കാനോ മേഖലയിൽ മെച്ചപ്പെട്ട അവസ്ഥ ഒരുക്കാനോ മാവോവാദികൾക്ക് കഴിയുന്നില്ല. അവർ വളരെ തന്ത്രപൂർവം ഇല്ലായ്മകളും ദാരിദ്ര്യവും പ്രയോജനപ്പെടുത്തി, ആളുകളെ തങ്ങളുടെ അണികളിലേക്ക് ചേർത്തുകൊണ്ട്, തങ്ങളുടെ ആശയശാസ്ത്രം പ്രചരിപ്പിക്കുകയാണ്.

ലോകമെമ്പാടുംതന്നെ കമ്യൂണിസം ആഭ്യന്തര വൈരുധ്യംമൂലം പരാജയപ്പെട്ടിരിക്കുന്നു. അധികാരം നിലനിർത്താൻ കമ്യൂണിസം മർദനത്തിന്റെ ഉപകരണമായി മാറിയ ശേഷമാണ് അത്. ഇന്ത്യയിലും കമ്യൂണിസ്റ്റുകൾ ഉയർന്നുവരുന്നതിൽ പരാജയപ്പെട്ടു. ഇന്ന് കമ്യൂണിസം പരാജയപ്പെട്ട സിദ്ധാന്തമായാണ് കാണപ്പെടുന്നത്.

> **അടുത്തിടെ അമേരിക്കയിൽ മദ്യക്കമ്പനി ഗാന്ധിയുടെ പേരിൽ ബിയർ തുടങ്ങി. ബിയർ എന്ന് പ്രിൻറ് ചെയ്ത കാൻ ബാപ്പു ഉയർത്തിപ്പിടിക്കുന്ന ചിത്രം ഉപയോഗിച്ചു. ഞാൻ നിസ്സഹായനായിരുന്നു. കാരണം സി.എം.ജിയുമായി ധാരണയിൽ എത്തിയിരുന്നെങ്കിൽ അവരെ പ്രോസിക്യൂട്ട് ചെയ്യാമായിരുന്നു.**

നമ്മുടെ പിന്നാക്കാവസ്ഥയുമായും വ്യക്തിഗത സംരംഭങ്ങളുടെ അഭാവവുമായി കമ്യൂണിസം ബന്ധപ്പെട്ടിരിക്കുന്നു. സോഷ്യലിസവും സമാനമായ വിധിയാണ് നേരിടുന്നത്. മുതലാളിത്തം, മെറ്റീരിയലിസം എന്നിവയോട് പാശ്ചാത്യലോകത്തിന് എതിർപ്പുണ്ടെങ്കിലും അവർക്ക് സോഷ്യലിസത്തിലോ കമ്യൂണിസത്തിലോ വിശ്വാസമർപ്പിക്കാൻ കഴിയുന്നില്ല. സാമ്പത്തികവ്യവസ്ഥ തകർന്ന രാജ്യങ്ങൾപോലും സോഷ്യലിസത്തിൽ വിശ്വാസമർപ്പിക്കാൻ മടിക്കുന്നു. കമ്യൂണിസം ഫലവത്തും ജനാധിപത്യപരവുമായിട്ടില്ല. എന്നാൽ, പൊതുനന്മക്കായി വ്യക്തിപരമായ സംരംഭങ്ങൾ അനുവദിക്കാനും മറ്റും കഴിഞ്ഞാൽ സോഷ്യലിസം ഇപ്പോഴും പ്രസക്തമാണ്. സ്വത്തിന്റെ കാര്യത്തിൽ ട്രസ്റ്റിഷിപ്പിന്റെയും സമയം, കഴിവ്, പാടവം എന്നിവ പൊതുനന്മക്കായി ഉപയോഗിക്കുകയും ചെയ്യുന്ന തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ സോഷ്യലിസം കെട്ടിപ്പടുക്കാനാവുമെന്നാണ് വിശ്വാസം.

**2009ൽ മഹാത്മാഗാന്ധി ലിമിറ്റഡ് എഡിഷൻ 241 മോണ്ട് ബ്ലാങ്ക് പേനകൾക്ക് അനുമതി നൽകി താങ്കൾ 72 ലക്ഷം രൂപ മഹാത്മാ ഗാന്ധി ഫൗണ്ടേഷന് സംഭാവനയായി സ്വീകരിച്ചതിൽ കടുത്ത വിമർശം ഉയർന്നിരുന്നു. ഒരിക്കൽ അഡോൾഫ് ഹിറ്റ്ലർക്കായി പേനകൾ നിർമിച്ച കമ്പനിയാണ് മോണ്ട് ബ്ലാങ്ക്. അന്നെടുത്ത തീരുമാനത്തിൽ ഖേദമുണ്ടോ?**

● ബാപ്പുവിന്റെ ചിത്രങ്ങളെ പ്രതിനിധീകരിക്കാനുള്ള അവകാശത്തിനായി ഒരു അമേരിക്കൻ ഏജൻസി സമീപിക്കുകയും ഞാനവർക്ക് ഉപാധികളോടെ അനുമതി നൽകുകയും ചെയ്തു. അതിനെതിരെ കടുത്ത വിമർശം ഉയർന്നു. അത് ഞാൻ ബാപ്പുവിന്റെ ചിത്രങ്ങൾക്കുള്ള പകർപ്പവകാശവും പേറ്റൻറും അമേരിക്കൻ കമ്പനിക്ക് നൽകിയതായി മാധ്യമങ്ങൾ സെൻസേഷനലായി, തെറ്റായി റിപ്പോർട്ട് ചെയ്തതോടെയാണിത്. അന്ന് മാധ്യമങ്ങൾ പറഞ്ഞത് ഇനി വീട്ടിൽ ഗാന്ധിജിയുടെ പടം തൂക്കാനാഗ്രഹിക്കുന്നവർ സി.എം.ജിക്ക് റോയൽറ്റി നൽകേണ്ടിവരും എന്നും മറ്റുമാണ്. ഞാൻ വിമർശിക്കപ്പെടുകയും ചീത്തകേൾക്കുകയും ചെയ്തു. ശരിയാണ്, ബാപ്പുവിന്റെ ദൃശ്യങ്ങളെ പ്രതിനിധീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഞാൻ സി.എം.ജിയുമായി കൂടിയാലോചന നടത്തിയിരുന്നു. എന്റെ ഉദ്ദേശ്യം രണ്ടു തലത്തിലായിരുന്നു. ഒന്ന് ബാപ്പുവിന്റെ ചിത്രം തെറ്റായി ഉപയോഗിക്കുന്നതു തടയുകയും ചിത്രങ്ങൾ മോശം കാര്യത്തിന് ഉപയോഗിക്കുന്നവരെ പ്രോസിക്യൂട്ട് ചെയ്യുകയുമായിരുന്നു. അടുത്തിടെ അമേരിക്കയിൽ ഒരു മദ്യക്കമ്പനി ഗാന്ധിയുടെ പേരിൽ ബിയർ തുടങ്ങി. അവർ ബിയർ എന്ന് പ്രിൻറ് ചെയ്ത കാൻ ബാപ്പു ഉയർത്തിപ്പിടിക്കുന്ന ചിത്രം അതിൽ ഉപയോഗിച്ചു. അതൊരു അന്യായമാണെങ്കിലും ഞാൻ നിസ്സഹായനായിരുന്നു. കാരണം സി.എം.ജിയുമായി ധാരണയിൽ എത്തിയിരുന്നെങ്കിൽ അവരെ പ്രോസിക്യൂട്ട് ചെയ്യാമായിരുന്നു. 2002ൽ അമേരിക്കൻ മാഗസിനായ മാക്സിം വളരെ അധിക്ഷേപകരമായ ചിത്രങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു -'ബിറ്റ ദ വിംപ് ഫിറ്റ്നസ് വർക്കൗട്ട്'. അതിൽ ഒരു വെള്ള നിറക്കാരനായ ചെറുപ്പക്കാരൻ ഒരു ഡമ്മിയിൽ ഇടിക്കുകയും തൊഴിക്കുകയും മറ്റും ചെയ്യുന്നു. ഇടക്ക് ഡമ്മി തലകീഴായി നിലത്തിട്ടടിക്കുന്നു. ഈ ഡമ്മി

കവർ സ്റ്റോറി

ബാപ്പുവിൻെറ കൃത്യമായ രൂപമായിരുന്നു. ഇതിനെതിരെ ഇന്ത്യയിൽ ഇരുന്ന് ഒന്നും ചെയ്യാനാവാത്തതിൽ എനിക്ക് വേദനയും ദുഃഖവും തോന്നി. ഞാൻ സഹായത്തിന് പ്രധാനമന്ത്രിയോട് അപേക്ഷിച്ചെങ്കിലും അദ്ദേഹം നിസ്സഹായാവസ്ഥ വ്യക്തമാക്കി. സി.എം.ജിയുമായ ധാരണയിലെത്തിയിരുന്നെങ്കിൽ എനിക്ക് അത് തടയാനും മാക്സിമിനെ പ്രോസിക്യൂട്ട് ചെയ്യാനുമാകുമായിരുന്നു.

സി.എം.ജിയുമായി ധാരണയിലെത്താൻ ശ്രമിക്കുന്ന സമയത്ത് പോർബന്തറിലെ കസ്തൂർബാവീട് വളരെ നാശോന്മുഖമായ അവസ്ഥയിലായിരുന്നു. ഭൂകമ്പത്തിന് ശേഷം ഗുജറാത്ത് സർക്കാറിനോട് കസ്തൂർബാവീട് അറ്റകുറ്റപ്പണി ചെയ്ത് നവീകരിക്കാൻ ഞാൻ അഭ്യർഥിക്കുകയും പകരം മ്യൂസിയമായി അത് തിരിച്ചു നൽകാമെന്നും ഞാൻ പറഞ്ഞിരുന്നു. സി.എം.ജി നൽകുമായിരുന്ന ഫണ്ട് എനിക്ക് കസ്തൂർബാവീട് നന്നാക്കാൻ ഉപയോഗിക്കാമായിരുന്നു. പക്ഷേ, വിവാദം മൂലം ഇടപാട് സാധ്യമാക്കാതെ പോയി. പിന്നീട് ഗുജറാത്ത് സർക്കാർ കസ്തൂർബാവീട് നവീകരിച്ചുവെന്നത് വേറെ കാര്യം.

മോണ്ട് ബ്ലാങ്കുമായുണ്ടാക്കിയ ഇടപാടിൽ ഞാനൊരു തെറ്റും കാണുന്നില്ല. ഞാനൊരിക്കലും ബാപ്പുവിൻെറ ചിത്രം വാണിജ്യ ആവശ്യത്തിനായി നൽകി ആ പണം വ്യക്തിപരമായ ധനസമ്പാദനത്തിന് ഉപയോഗിച്ചിട്ടില്ല. ഇടപാടിലൂടെ ലഭിച്ച പണം കോലാപൂരിൽ എം.ജി.എഫ് പ്രവർത്തിക്കുന്ന സ്ഥലത്തിനായി ഉപയോഗിക്കുകയാണ് ചെയ്തത്. രക്ഷപ്പെടുത്തിയ കുട്ടിത്തൊഴിലാളികൾക്കായി വീടും നയിതാലിം സ്കൂളും പണിയാനാണ് പണം ഉപയോഗിച്ചത്. 250 കുട്ടികളെ താമസിപ്പിക്കാൻ കഴിയുന്ന ഒരു കാമ്പസ് പണിയാനുള്ള ശ്രമത്തിലാണ് ഇപ്പോൾ.

മോണ്ട് ബ്ലാങ്ക് അഡോൾഫ് ഹിറ്റ്ലർക്ക് വേണ്ടി എഴുത്തുപകരണങ്ങൾ നിർമിച്ചിട്ടുണ്ടാകാം. പക്ഷേ, ബാപ്പുവിനെ ഓർമിക്കുന്ന വസ്തു നിർമിക്കുന്നതുവഴി അവർക്ക് മാറ്റം വരുമായിരുന്നു. ഞാനൊരിക്കലും മദ്യം, ആയുധം എന്നിവ നിർമിക്കുന്ന കമ്പനികൾക്ക് ബാപ്പുവിൻെറ ചിത്രം ഉപയോഗിക്കാൻ അനുമതി നൽകില്ലായിരുന്നു. ധാർമികത പുലർത്തുകയും ബാപ്പുവിൻെറ വിശ്വാസങ്ങൾക്ക് ഒത്തുപോകുന്നതും, വരുമാനം എല്ലാവരുടെയും നന്മക്കു വേണ്ടി ഉപയോഗിക്കുകയും ചെയ്യുന്ന കമ്പനികൾക്കുമാത്രമേ അനുമതി നൽകുമായിരുന്നുള്ളൂ. ഹരിജൻ ഫണ്ട് സമാഹരിക്കാൻ ബാപ്പു തൻെറ ഓട്ടോഗ്രാഫും ഫോട്ടോയും വിറ്റ് സമാനമായത് ചെയ്തിട്ടുണ്ട്. അതിനാൽ തന്നെ ഞാൻ തെറ്റൊന്നും കാണുന്നില്ല. ഭാവിയിൽ സാഹചര്യം ഉയർന്നുവന്നാൽ വീണ്ടുമത് ചെയ്യും.

> **ദലിതുകളുടെ ചാമ്പ്യന്മാരായി അവകാശപ്പെടുന്നവർ ദലിത് രാഷ്ട്രീയത്തോട് ആത്മാർഥതയില്ലാത്തവരും ദലിത് താൽപര്യങ്ങൾക്ക് കേവലം വാകൊണ്ട് പിന്തുണ നൽകുന്നവരുമാണ്. ദലിതുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ അവർ ഒന്നും ചെയ്യുന്നില്ല.**



↑ അരുന്ധതി റോയി

**ഗാന്ധി ഇന്ന് ദലിത് മണ്ഡലത്തിൽ നിന്ന് കടുത്ത വിമർശങ്ങൾ നേരിടുന്നുണ്ട്. അടുത്തിടെ ബി.ആർ. അംബേദ്കറുടെ ‘ജാതി ഉന്മൂലനം’ എന്ന പുസ്തകത്തിന് അരുന്ധതി റോയി എഴുതിയ ‘ഡോക്ടറും വിശുദ്ധനും ’എന്ന അവതാരികയിൽ ജാതി നിലപാടുകളുടെ കാര്യത്തിൽ ഗാന്ധിയെ രൂക്ഷമായി വിമർശിക്കുന്നുണ്ട്. ജാതി ഉന്മൂലനത്തിൽ ഗാന്ധിയുടെ നിലപാടുകളെ താങ്കൾ എങ്ങനെ കാണുന്നു? ഗാന്ധിജി ദലിത് താൽപര്യങ്ങൾക്ക് എതിരായിരുന്നോ?**

● ദലിതുകളുടെ ചാമ്പ്യന്മാരായി അവകാശപ്പെടുന്ന ചിലർ ബാപ്പു ദലിത് വിരോധിയായിരുന്നുവെന്ന് ആരോപിക്കുന്നത് ബാപ്പുവിൻെറ കൊലപാതകികൾ ബാപ്പു ഹിന്ദുവിരുദ്ധനാണ് എന്ന് പറയുന്നതുപോലെ അസംബന്ധവും അടിസ്ഥാനരഹിതവുമാണ്. ജാതിവിഷയങ്ങളിലും ജാതി ഇല്ലാതാക്കുന്നതിലും ബാപ്പുവും ബാബ സാഹേബ് അംബേദ്കറും തമ്മിൽ ഭിന്നത ഉണ്ടായിരുന്നുവെന്നതിൽ സംശയമില്ല. ആദ്യഘട്ടത്തിൽ ബാപ്പു വർണവ്യവസ്ഥയിൽ ഗുണങ്ങൾ ഉണ്ടെന്ന് വിശ്വസിച്ചിരുന്നു. അതേസമയം തന്നെ ജാതിയുടെ അധികാര ശ്രേണിയെയും ഘടനയെയും എതിർക്കുകയും ജന്മംകൊണ്ട് ഒരു ജാതിയിൽപെടുത്തുന്നതിനെ എതിർക്കുകയും ചെയ്തു. എന്നാൽ പിന്നീട് ബാപ്പു വർണവ്യവസ്ഥയെ തള്ളിക്കളയുകയും ജാതിവ്യവസ്ഥ ഹിന്ദുയിസത്തിലെ ഏറ്റവും വലിയ പാപമായി അപലപിക്കുകയും ചെയ്തു. ബാപ്പു സ്വാംശീകരണത്തിൽ വിശ്വസിച്ചിരുന്നു. അദ്ദേഹം ഹരിജനങ്ങൾ ഹിന്ദുമതത്തിൻെറ ഭാഗമാണെന്ന് വിശ്വസിക്കുകയും പരിഷ്കരിക്കപ്പെട്ട ഹിന്ദുക്കളുമായി അവർ സ്വാംശീകരിക്കപ്പെടണമെന്നും അദ്ദേഹം വാദിച്ചു. അംബേദ്കർക്ക് ഹിന്ദുയിസത്തിൽ വിശ്വാസം നഷ്ടപ്പെടുകയും തൊട്ടുകൂടാത്തവരെ തുല്യരായി പരിഗണിക്കുന്നത് സ്വീകരിക്കുന്ന രീതിയിൽ ഹിന്ദുയിസം ഒരിക്കലും പരിഷ്കരിക്കപ്പെടില്ലെന്നും വിശ്വസിച്ചു. ദലിതുകളുടെ ചാമ്പ്യന്മാരായി അവകാശപ്പെടുന്നവർ ദലിത് രാഷ്ട്രീയത്തോട് ആത്മാർഥതയില്ലാത്തവരും ദലിത് താൽപര്യങ്ങൾക്ക് കേവലം വാകൊണ്ട് പിന്തുണ നൽകുന്നവരുമാണ്. ദലിതുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ അവർ ഒന്നും ചെയ്യുന്നില്ല. ദലിത് താൽപര്യങ്ങൾ രാഷ്ട്രീയവത്കരിക്കപ്പെടുകയും മിക്ക ദലിത് നേതാക്കളും തങ്ങളുടെ രാഷ്ട്രീയ അഭിലാഷങ്ങൾക്കായി സമുദായത്തെ ചൂഷണംചെയ്യുകയും ചെയ്യുന്നു. ബാബാ സാഹെബിൻെറ മേലങ്കി അണിയാനായി ദലിത് നേതാക്കൾ പരസ്പരം പോരടിക്കുകയും ഫലത്തിൽ നിഷ്പ്രയോജകരാകുകയും ചെയ്യുന്നു. അവർ ബാപ്പുവിനെതിരെ അധിക്ഷേപം ചൊരിയുന്നത് തങ്ങളുടെ തന്നെ കഴിവില്ലായ്മയിൽനിന്ന് ശ്രദ്ധ തിരിച്ചുവിടാനാണ്.

അരുന്ധതി റോയി ബാപ്പുവിനെപ്പറ്റി എഴുതിയതാണെങ്കിൽ അത് അജ്ഞതയും ബാപ്പുവിൻെറ രചനകളുടെ ബോധപൂർവമായ തെറ്റായ വ്യാഖ്യാനവുമാണ്. ബാപ്പുവിനെ അവമതിക്കാനുള്ള അരുന്ധതി റോയിയുടെ ശ്രമങ്ങൾ തെറ്റാണെന്ന് വ്യക്തമാക്കി അമ്മാവനായ രാജ്മോഹൻ ഗാന്ധി മനോഹരമായ ലേഖനം എഴുതിയിട്ടുണ്ട്.

**ഇന്ത്യയിലെ നിലവിലെ രാഷ്ട്രീയ അവസ്ഥയെ എങ്ങനെ കാണുന്നു? അസഹിഷ്ണുത ശക്തമാകുന്ന അവസ്ഥയിൽ രാജ്യത്ത് ഗാന്ധിയൻ മൂല്യങ്ങൾക്കും ചിന്തകൾക്കും പ്രസക്തി കുറയുന്നതായി തോന്നുന്നുണ്ടോ?**

● ഇന്ത്യയെ വർഗീയവത്കരിക്കുകയെന്നത് വർഗീയവാദികളുടെ രാഷ്ട്രീയ തന്ത്രമാണ്. പുരോഗമന, ലിബറൽ ചിന്തകൾ നശിപ്പിക്കാനുള്ള പ്രചാരണം വളരെ കൃത്യമായി തന്നെ നടപ്പാക്കുന്നു. വർഗീയഭ്രാന്തന്മാരുടെ ചിന്തകളും പ്രവൃത്തികളും ദേശസ്നേഹപരമാക്കുകയും പ്രോത്സാഹിക്കപ്പെടുകയും ചെയ്യുന്നു. പ്രതിലോമകരമായ പ്രചാരണങ്ങൾക്ക് വിശ്വാസ്യത ലഭിക്കുകയും ലിബറൽ ചിന്താഗതികൾ വിമർശിക്കപ്പെടുകയും അവമതിക്കപ്പെടുകയും ചെയ്യുന്നു. ബീഫ് പ്രശ്നം ജനങ്ങളുടെ ജീവൻ കവരുമ്പോൾ പ്രധാനമന്ത്രി വിദേശത്ത് അസഹിഷ്ണുതയെപ്പറ്റി ഉയർന്ന ചോദ്യങ്ങൾക്ക് മറുപടി പറയാൻ ബുദ്ധനെയും ബാപ്പുവിനെയും ഉദ്ധരിക്കുന്നു. ഇതൊന്നും യഥാർഥ പ്രതിവിധിയല്ല. മതഭ്രാന്ത് നമ്മുടെ ഡി.എൻ.എയിലേക്ക് ആഴത്തിൽ ഉൾച്ചേർന്നിട്ടുണ്ട്. മനുഷ്യരുടെ ജീവിതത്തിന് മൃഗ ഇറച്ചിയെക്കാൾ കുറഞ്ഞ വിലയേ നാം കൽപിക്കുന്നുള്ളൂ. എന്നാൽ, ഗാന്ധിയൻ മൂല്യങ്ങൾക്ക് ഒട്ടും പ്രസക്തി കുറയുന്നില്ല. മാത്രമല്ല, അത് കൂടുന്നതേയുള്ളൂ.

**ഭഗത്സിങ്ങിനെപ്പറ്റി നടത്തിയ പരാമർശത്തിനെതിരെ താങ്കൾക്കെതിരെ ഒരു ബി.ജെ.പി നേതാവ് പൊലീസിൽ പരാതി നൽകിയിരുന്നു. ‘ബ്രിട്ടീഷ് ഭരണാധികാരികൾക്ക് ഭഗത്സിങ് ഒരു ക്രിമിനൽ’ ആയിരുന്നു എന്ന അഭിപ്രായം താങ്കൾക്കിപ്പോഴുമുണ്ടോ, അതോ തെറ്റായി താങ്കളെ ഉദ്ധരിക്കപ്പെട്ടതാണോ?**

● ആ സംഭവം എന്നെ താറടിക്കാനും വിവാദം സൃഷ്ടിക്കാനുമുള്ള തെറ്റായ ശ്രമമായിരുന്നു. ജയ്പൂരിൽ ഒരു വാർത്താസമ്മേളനത്തിൽ എന്തുകൊണ്ട് ശഹീദ് ഭഗത്സിങ്ങിനെ കഴുമരത്തിൽനിന്ന് രക്ഷിക്കാൻ ബാപ്പു ഒന്നും ചെയ്തില്ലെന്ന് പത്രപ്രവർത്തകർ എന്നോട് ചോദിച്ചു. അത് ഒരു സിനിമയിലെ തെറ്റായ പ്രതിനിധീകരണത്തിൽനിന്നുണ്ടായ തെറ്റായ ധാരണയാണ്. ലോർഡ് ഇർവിനോട് നാല് അവസരങ്ങളിൽ ഭഗത്സിങ്ങിൻെറ വധശിക്ഷ ജീവപര്യന്തമാക്കി കുറക്കണമെന്ന് ബാപ്പു ആവശ്യപ്പെട്ടിരുന്നു. ഇത് പറഞ്ഞ ശേഷം ഞാൻ നമുക്ക് ഭഗത്സിങ് ഒരു സ്വാതന്ത്ര്യപോരാളിയും വിപ്ലവനായകനുമാണെങ്കിലും ബ്രിട്ടീഷുകാർക്ക് അദ്ദേഹം ഒരു ക്രിമിനൽ ആയിരുന്നുവെന്നും പറഞ്ഞു. ഇതായിരുന്നു എൻെറ വാക്കുകൾ. എന്നാൽ ഒരു പ്രാദേശിക പത്രത്തിൻെറ റിപ്പോർട്ടർ തെറ്റായി ഞാൻ ഭഗത്സിങ് ക്രിമിനലാണെന്ന് കരുതുന്നതായി റിപ്പോർട്ട് ചെയ്തു. ഇത് തെറ്റായതും എനിക്കെതിരെ വിദ്വേഷം നിറഞ്ഞതുമായ ആരോപണമായിരുന്നു. ഞാൻ ബാപ്പുവിനെ ആദരിക്കുന്നത്രയുംതന്നെ ഭഗത് സിങ്ങിനെയും ആദരിക്കുന്നുണ്ട്.

**വധശിക്ഷയെ താങ്കൾ എതിർക്കുന്നുണ്ടോ?**


● വധശിക്ഷ അപരിഷ്കൃതമായ നടപടിയായിട്ടാണ് ഞാൻ കരുതുന്നത്. ഒരു പരിഷ്കൃത സമൂഹത്തിൽ വധ


സ്ഥാപിതം: 2003

അസെൻഡ് പബ്ലിക്കേഷൻസ്
കോട്ടയം

പ്രസിദ്ധീകരിച്ച
പി.റ്റി. ചാക്കോ
ജന്മശതാബ്ദി സ്മാരകം
പ്രൊഫ. റ്റി. ജെ മത്തായി

കേരള രാഷ്ട്രീയം പഠിക്കുന്നവർക്കും ചരിത്രഗവേഷകർക്കും പ്രയോജനപ്പെടുന്ന ഗ്രന്ഥം




വില : 80 രൂപ

പുസ്തകം ഇപ്പോൾ പ്രധാന ബുക്സ്റ്റാളുകളിലെല്ലാം ലഭ്യമാണ്

കേരള രാഷ്ട്രീയചരിത്രത്തിൽ എന്നും സ്മരിക്കപ്പെടേണ്ട നാമമാണ് പി.റ്റി. ചാക്കോയുടേത്. ഇന്ത്യൻ ഭരണഘടനയുടെ രൂപീകരണത്തിൽപോലും അദ്ദേഹത്തിന്റെ ഇടപെടലുകളും സംഭാവനകളുമുണ്ട്. പി.റ്റി. ചാക്കോയുടെ ജനനവും മരണവും രേഖപ്പെടുത്തുന്നതോടൊപ്പം അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതത്തെ സമഗ്രമായി അടയാളപ്പെടുത്തുകയാണ് ഈ കൃതിയിലൂടെ പ്രൊഫ. റ്റി. ജെ. മത്തായി.

പുസ്തകം ആവശ്യമുള്ളവർ താഴെ പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക: 8281421593, 9495445983, 0481 2300646, 2300206
*വി.പി.പി ചാർജ്ജുകളോ പാഴ്സൽ ചിലവുകളോ ഇല്ലാതെ പുസ്തകം നിങ്ങളുടെ കൈകളിലെത്തുന്നു*

ASCEND PUBLICATIONS
Kattuveettil Bldgs
(Opp. Passport Seva Kendra)
Nagampadam, Kottayam - 686 006,
Phone: 0481- 2300206, 2300646
Branch: Pala (Near St.Thomas college)
Website: www.ascendpublications.com
E-mail: ascendpublication14@gmail.com

*g j/ap/mw20/2015*

ശിക്ഷക്ക് ഒരു സ്ഥാനവുമില്ല. വധശിക്ഷയെന്നത് നിയമപരമായി അനുവദിക്കപ്പെട്ട കൊലപാതകമാണ്. അത് കുറ്റകൃത്യത്തിനുള്ള പരിഹാരവുമല്ല.

**ലിംഗനീതി, സ്വവർഗാനുരാഗംപോലുള്ള വിഷയങ്ങളിലെ സമീപനമോ?**

● ഞാൻ സ്വവർഗാനുരാഗത്തെ അംഗീകരിക്കുകയോ അംഗീകരിക്കാതിരിക്കുകയോ ചെയ്യുന്നില്ല. രണ്ടു മുതിർന്ന വ്യക്തികൾ തമ്മിലുള്ള സ്വതന്ത്ര തെരഞ്ഞെടുപ്പാവണം ലൈംഗിക കാര്യത്തിൽ ഉണ്ടാവേണ്ടത്. സ്വവർഗാനുരാഗം ക്രിമിനൽവത്കരിക്കുന്നതിന് ഞാൻ എതിരാണ്. ലിംഗവിവേചനം അധാർമികവും പ്രകൃതിക്ക് എതിരുമാണ്. അത് അപലപിക്കപ്പെടേണ്ടതുണ്ട്. അന്തസ്സിനുള്ള അവകാശം (റൈറ്റ് ഓഫ് ഡിഗ്നിറ്റി)യിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ ലിംഗസമത്വം നടപ്പാക്കാനായി നമ്മൾ പ്രവർത്തിക്കണം. നമ്മുടെ ഭരണഘടന തുല്യതയെപ്പറ്റി പ്രതിഷ്ഠിക്കുന്നുണ്ടെങ്കിലും നമ്മുടെ നടപടി അതിൽനിന്ന് വളരെ ദൂരത്താണ്.

**'അപരിഷ്കൃതരെ പരിഷ്കൃത'രാക്കുന്നുവെന്ന പേരിൽ ക്രിസ്തുമതപ്രചാരകർ നടത്തിയ അതിക്രമങ്ങൾ ഐ.എസും ബോകോഹറാമും നടത്തുന്ന അക്രമങ്ങൾക്ക് മുന്നിൽ ഒന്നുമല്ല എന്ന് അടുത്തിടെ താങ്കൾ പറഞ്ഞിരുന്നു. എന്താണ് ഇത്തരം നിലപാടിന് അടിത്തറ?**

● ഞാൻ പറഞ്ഞത് ശരിയാണെന്ന് ചരിത്രം പരിശോധിച്ചാൽ മനസ്സിലാകും. നാഗരികതയുടെ പേരിൽ നടത്തിയ കൂട്ടക്കൊലകൾക്കും അപരിഷ്കൃതരുടെ നരഹത്യകൾക്കും ഇന്നത്തെ ഭീകരവാദികൾ നടത്തുന്ന അക്രമവുമായാണ് താരതമ്യം. മതത്തിൻെറയും മതാത്മകതയുടെയും ശൂന്യതയാണ് ഭീകരവാദം. അതെന്നത് കീഴ്പ്പെടുത്തലിൻെറ ഉപകരണമാണ്. നാഗരികർ\പരിഷ്കൃതർ എന്ന് അവകാശപ്പെടുന്നവരാണ് അവർ അപരിഷ്കൃതർ എന്ന് അധിക്ഷേപിച്ചവർക്ക് നേരെ ഏറ്റവും അപരിഷ്കൃതമായി പെരുമാറിയിട്ടുള്ളത്.

**'ഗാന്ധി മലാ ഭേത്‌ല' എന്ന രാഷ്ട്രീയ ആക്ഷേപഹാസ്യം ഉന്നയിച്ച ദത്താത്രേയ ഗുർജാറിനെ താങ്കൾ പിന്തുണച്ചിരുന്നു. അതുപോലെ അടുത്തിടെ അസഹിഷ്ണുതയുടെ ഇരയായ അമീർഖാനെയും. എന്താണ് ഇത്തരം വ്യക്തികളെ പിന്തുണച്ച് രംഗത്തുവരാൻ പ്രേരിപ്പിക്കുന്നത്?**

● അഭിപ്രായങ്ങളോടും അഭിപ്രായസ്വാതന്ത്ര്യത്തോടുമുള്ള വിശ്വാസമാണ് അതിന് കാരണം. രണ്ട് സംഭവങ്ങളിലും തെറ്റായ ധാരണകളുടെ പുറത്താണ് വിവാദം ഉണ്ടായത്. വ്യക്തികൾ പറയുന്ന അഭിപ്രായത്തോട് എനിക്ക് യോജിപ്പുണ്ടാവില്ലെങ്കിലും അത്തരം അഭിപ്രായം പറയാനുള്ള അവരുടെ അവകാശം സംരക്ഷിക്കാൻ ഞാനെന്നും ശ്രമിക്കും. അഭിപ്രായം അടിച്ചമർത്താനും ശബ്ദങ്ങൾ നിശ്ശബ്ദമാക്കാനുമുള്ള ഏതൊരു ശ്രമത്തെയും ഞാൻ എതിർക്കും. അപൂർവ് എന്നതിനെ ആരാധിക്കുന്നുവെന്ന് അവകാശപ്പെടുന്നവരുടെ കാപട്യത്തിനും അഴിമതിക്കുമെതിരെ ആക്ഷേപഹാസ്യം പടക്കുകയായിരുന്നു ഗുർജാർ. അദ്ദേഹം ഉപയോഗിച്ചത് മോശം ഭാഷയും നിന്ദ്യമായ ഉദാഹരണങ്ങളുമാണ് ഗാന്ധിയെ വീണ്ടെടുക്കാൻ എന്ന പേരിൽ ചെയ്തത് എന്ന് ഞാൻ സമ്മതിക്കുന്നു. ബാപ്പുവിനെ അധിക്ഷേപിച്ചിരുന്നെങ്കിൽപോലും അദ്ദേഹത്തിന് എതിരെയുള്ള പ്രോസിക്യൂഷനെ എതിർക്കുമായിരുന്നു. അദ്ദേഹം കള്ളമാണ് എഴുതിയിരുന്നതെങ്കിൽ സത്യംകൊണ്ട് എതിരിടുമായിരുന്നു. എന്നാൽപോലും ആരും ഗുർജാറിനെ നിശ്ശബ്ദമാക്കാൻ ഞാൻ അനുവദിക്കില്ലായിരുന്നു.

അമീർ ഖാൻ വിവാദപരമായ ഒന്നും പറഞ്ഞില്ല. ശരിയായ ആകുലതകളാണ് അദ്ദേഹം പങ്കുവെച്ചത്. അമീർ ഖാൻ ഇന്ത്യയെ അധിക്ഷേപിച്ചില്ല. അദ്ദേഹം സ്നേഹം, സഹിഷ്ണുത എന്നിവയെപ്പറ്റിയും മതേതര, ലിബറൽ ഇന്ത്യയെപ്പറ്റിയുള്ള ഉത്കണ്ഠകളുമാണ് പങ്കുവെച്ചത്. അത് ആരെയെങ്കിലും അവഹേളിക്കാനുള്ള ഉദ്ദേശ്യത്തോടെയുമായിരുന്നില്ല. ഈ നാടിനോടുള്ള സ്നേഹത്തിൽനിന്നാണ് ആ ആകുലതകൾ ഉടലെടുത്തത്. ഉണ്ടായ പ്രതികരണം അദ്ദേഹം പറഞ്ഞതിനോടുള്ളതിനെക്കാൾ അദ്ദേഹം ഒരു ഖാനാണ് എന്നതിനോടായിരുന്നു.

നാഥുറാമിൻെറ 'മേ ഇറ്റ് പ്ലീസ് യുവർ ഓണർ' എന്ന പ്രസ്താവന നിരോധിച്ചതിനെയും ഞാൻ എതിർത്തിട്ടുണ്ട്. അത് നുണകളും അർധസത്യങ്ങളും നിറഞ്ഞതാണ് എന്നു വിശ്വസിക്കുമ്പോഴും അതിനെ ഇല്ലാതാക്കുന്നതിന് പകരം സത്യങ്ങൾകൊണ്ട് എതിരിടാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്. ആ പ്രസ്താവന നാഥുറാം എഴുതിയതാണ് എന്ന് ഞാൻ കരുതുന്നില്ല. അത്തരം നല്ല ഭാഷയിൽ എഴുതാൻ നാഥുറാമിന് കഴിവില്ലായിരുന്നു. അത് ചെങ്കോട്ടയിലെ പ്രത്യേക ജയിലിൽ തടവറയിൽ കിടക്കുമ്പോൾ ഒപ്പമുണ്ടായിരുന്ന സവർക്കർ എഴുതി നൽകിയതാവണം. 'മി നാഥുറാം ബോൽതെ' എന്ന നാടകത്തിൻെറ നിരോധത്തെയും ഞാൻ എതിർത്തിരുന്നു. നമ്മൾ അത്തരം കാര്യം അടിച്ചമർത്താൻ ശ്രമിക്കുമ്പോൾ അതിന് ന്യായയുക്തത ലഭിക്കുകയാണ് ചെയ്യുന്നത്. ഇത്തരം പ്രചാരങ്ങളെ സത്യംകൊണ്ടും ബൗദ്ധികതകൊണ്ടും എളുപ്പത്തിൽ മറികടക്കാനാവും.

**മുംബൈയിലെ ശിവസേന രാഷ്ട്രീയത്തോട് എങ്ങനെ പ്രതികരിക്കും? താങ്കൾക്ക് ഇപ്പോഴും ഭീഷണിയുണ്ടോ?**

● ശിവസേന അവസരവാദത്തിൽ മുങ്ങിയിരിക്കുന്നു. അതിന് തങ്ങളുടെ പിന്തുണാടിത്തറയിൽ നല്ല പങ്കിനെയും നഷ്ടപ്പെട്ടുകഴിഞ്ഞു. ഭരണകക്ഷിയായ ബി.ജെ.പിയുമായി അതിനുള്ളത് കാപട്യം നിറഞ്ഞ ബന്ധമാണ്. കേന്ദ്രത്തിലും സംസ്ഥാനത്തിലും ബി.ജെ.പി നയത്തോടുള്ള അതിൻെറ വിമർശം പരിഹാസ്യമാണ്. മുംബൈ കോർപറേഷനിലെ ദുർഭരണം മുംബൈക്കാരുടെ കടുത്ത എതിർപ്പിനും കാരണമായി. ഞാനെന്നും ശിവസേനയുടെ നയങ്ങളെയും അതിൻെറ തെമ്മാടിത്ത സ്വഭാവത്തെയും വിമർശിച്ചിട്ടുണ്ട്; അവരുടെ പുഷ്കലകാലത്തും. അവരുടെ ആയുധ കടന്നാക്രമണങ്ങളെയോ ഭീഷണികളെയോ ഞാൻ ഭയക്കുന്നില്ല.



↑ അമീർ ഖാൻ

**താങ്കളുടെ അച്ഛൻ അരുൺ മണിലാൽ ഗാന്ധി അറിയപ്പെടുന്ന പത്രപ്രവർത്തകനാണ്. അമേരിക്കയിലാണ് താമസം. എന്താണ് താങ്കളുടെ കുട്ടിക്കാലം? അച്ഛനെയും മറ്റുള്ളവരെയും പറ്റിയുള്ള ഓർമകൾ എത്തരത്തിലുള്ളതാണ്?**

● കുട്ടിക്കാലത്തെ ഓർമകൾ മനസ്സിൽ നിറഞ്ഞുനിൽപുണ്ട്. കുട്ടിക്കാലത്ത് മാതാപിതാക്കളും മുത്തശ്ശിമാരും പ്രധാനപ്പെട്ട പാഠങ്ങൾ പറഞ്ഞുനൽകി. അത് വ്യക്തിയെന്ന രീതിയിൽ വികാസത്തിന് സഹായിച്ചിട്ടുണ്ട്. ഞാൻ വളർന്നത് കഷ്ടപ്പെടുന്ന ഒരു ഇടത്തരം കുടുംബത്തിലാണ്. ഞങ്ങൾക്ക് വലിയ സൗകര്യങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. എന്നാലും സംതൃപ്തരായിരുന്നു. അച്ഛൻ ടൈംസ് ഓഫ് ഇന്ത്യയിൽ പ്രൊബേഷനറി ട്രെയിനി റിപ്പോർട്ടറായാണ് ജോലി തുടങ്ങിയത്. മാസം 150 രൂപ ശമ്പളമായിരുന്നു അദ്ദേഹത്തിൻെറ വരുമാനം. വളർന്നത് ഒറ്റമുറിയും അടുക്കളയും മാത്രമുള്ള ഫ്ലാറ്റിലാണ്. അതൊരു ചെറിയ വീടായിരുന്നു, എന്നാൽ വലിയ ഹൃദയമുള്ള വീട്. ഞങ്ങളുടെ വീട് എന്നും സന്ദർശകരാൽ നിറഞ്ഞിരിക്കും. അമ്മ നഴ്സായിരുന്നു. അത് ഉപേക്ഷിച്ച് അമ്മ വീടിൻെറ മേൽനോട്ടമേറ്റു. ഉദാരമതിയായ ആതിഥേയയായിരുന്നു അമ്മ.

> **അതൊരു ചെറിയ വീടായിരുന്നു, എന്നാൽ വലിയ ഹൃദയമുള്ള വീട്. ഞങ്ങളുടെ വീട് എന്നും സന്ദർശകരാൽ നിറഞ്ഞിരിക്കും. അമ്മ നഴ്സായിരുന്നു. അത് ഉപേക്ഷിച്ച് അമ്മ വീടിൻെറ മേൽനോട്ടമേറ്റു. ആർക്കും ഭക്ഷണവും താമസവും വീട്ടിൽ നിഷേധിച്ചില്ല; മനുഷ്യർക്കും മൃഗങ്ങൾക്കും.**



↑ തുഷാർ ഗാന്ധി അച്ഛനൊപ്പം സബർമതി ആശ്രമത്തിൽ

ആർക്കും ഭക്ഷണവും താമസവും വീട്ടിൽ നിഷേധിച്ചില്ല; മനുഷ്യർക്കും മൃഗങ്ങൾക്കും. ഞങ്ങൾക്ക് മൃഗസംരക്ഷണവും ഉണ്ടായിരുന്നു. തൻെറ നഴ്സിങ് പാടവം അമ്മ മുറിവേറ്റ മൃഗങ്ങളെയും പക്ഷികളെയും സംരക്ഷിക്കാനും ചികിത്സിക്കാനും വിനിയോഗിച്ചു.

ഞങ്ങൾ ചെറിയ ബജറ്റിലാണ് ജീവിച്ചത്. എന്നാൽ, അത്യാവശ്യ കാര്യങ്ങൾക്ക് അഭാവമുണ്ടായിരുന്നില്ല. അച്ഛന് പണ്ഡിറ്റ് നെഹ്റുവുമായി പ്രത്യേകവും ഊഷ്മളവുമായ ബന്ധമുണ്ടായിരുന്നു. എന്നാൽ, ഒരു ആനുകൂല്യവും നെഹ്റുവിൽനിന്ന് സ്വീകരിച്ചിരുന്നില്ല. ഇത് അന്തസ്സ്, വ്യക്തിപരമായ സത്യസന്ധത എന്നിവയെപ്പറ്റിയുള്ള വലിയ പാഠങ്ങൾ പകർന്നു.

**പത്ത് വർഷം മുമ്പ്, ഉപ്പു സത്യഗ്രഹമാർച്ചിൻെറ 75ാം വാർഷികത്തിൽ നിങ്ങൾ അഹ്മദാബാദിൽനിന്ന് ദണ്ഡിയിലേക്ക് ഗാന്ധി നടത്തിയ മാർച്ചിനെ പുനരാവിഷ്കരിച്ചിരുന്നു. ഈ മാർച്ചിലെ പ്രധാനപ്പെട്ട നിമിഷങ്ങൾ പങ്കുവെക്കാമോ?**

● ദണ്ഡിമാർച്ച് വ്യക്തിപരമായ വെല്ലുവിളിയായിരുന്നു. എൻെറ മൂന്ന് പൂർവികർ യഥാർഥ മാർച്ചിൽ പങ്കെടുത്തിരുന്നു. ബാപ്പു, മുത്തശ്ശൻ മണിലാൽ, അച്ഛൻെറ ബന്ധു കാന്തിലാൽ ഗാന്ധി എന്നിവരാണ് അത്. ദണ്ഡിപാതയിൽ പൂർവികർ ചെയ്തതുപോലെ നടക്കുക എന്നത് എപ്പോഴും വെല്ലുവിളിയായി അനുഭവപ്പെട്ടു. ദണ്ഡിയാത്രയുടെ 75ാം വാർഷികത്തിൽ സ്വയം അത്തരം യാത്രയെ അഭിമുഖീകരിക്കാനും വെല്ലുവിളി ഏറ്റെടുക്കാനും ഞാൻ നിശ്ചയിച്ചു. സഹയാത്രികരെ തേടാൻ തീരുമാനിച്ചു. പെട്ടെന്നുതന്നെ 950 പേരെ കണ്ടെത്താനായി. അതിൽ 90 പേർ ലോകമെമ്പാടുംനിന്നുള്ളവരായിരുന്നു. പാകിസ്താനിൽനിന്ന്, ഖാൻ അബ്ദുൽ ഗഫാർ ഖാനിൻെറ പത്താൻ അനുയായികളായ ഖുദൈ ഖിദ്മദ്ഗാറുമുണ്ടായിരുന്നു. അവർ തങ്ങളുടെ ചുവന്ന പത്താനി സൂട്ടുമണിഞ്ഞ് ഗുജറാത്തിലെ ഗ്രാമങ്ങളിലൂടെ ഞങ്ങളോട് തോളോട് തോൾ ചേർന്നു നടന്നു. ആ സമയത്ത് ഗുജറാത്ത് 2002ൽ നടന്ന വംശഹത്യയിൽനിന്ന് വിമുക്തമാകുന്നതേ ഉണ്ടായിരുന്നുള്ളൂ. വർഗീയ രാഷ്ട്രീയത്തിൻെറ ലബോറട്ടറിയായി ഗുജറാത്തിനെ സംഘ് മാറ്റിയപ്പോൾ


വെറുപ്പ് ജനങ്ങളുടെ മനസ്സിൽ ചിട്ടയായി അടിച്ചേൽപിച്ചിരുന്നു.

വ്യക്തിപരമായും സംഘാടകപരവുമായ വെല്ലുവിളികൾ മാർച്ച് നേരിട്ടു. മാർച്ച് തുടങ്ങുംമുമ്പ് ഉച്ചക്ക് ജാഥയിലുള്ളവർക്ക് വെള്ളത്തിന് വേണ്ട ഒരു ക്രമീകരണവും ഒരുക്കിയിട്ടില്ലെന്ന് ഞാൻ തിരിച്ചറിഞ്ഞു. ബാപ്പുവിൻെറ കാലത്തിൽനിന്ന് വ്യത്യസ്തമായി ഗ്രാമങ്ങളിലെ കിണറുകളെ ആശ്രയിക്കുന്നതിൽ എനിക്ക് വിശ്വാസമുണ്ടായിരുന്നില്ല. ഞങ്ങൾ കൂടുതൽ നഗരവത്കരിക്കപ്പെട്ടിരുന്നുവെന്നതാണ് അതിന് കാരണം. അതിനാൽ ഞങ്ങൾക്ക് വെള്ളം വിതരണം ചെയ്യാൻ കഴിയുന്ന ആരെയെങ്കിലും തേടി. ആദ്യ രണ്ട് ദിവസം മാത്രം വെള്ളം നൽകാമെന്ന് സമ്മതിച്ച ഒരു വിതരണക്കാരനെ ലഭിച്ചു. രാത്രിയോടെ മുഴുവൻ യാത്രക്കിടയിലും വെള്ളം വിതരണം ചെയ്യുന്ന രീതിയിൽ അദ്ദേഹത്തെക്കൊണ്ട് സമ്മതിപ്പിക്കാനായി. ഇതൊരു വലിയ വെല്ലുവിളിയായിരുന്നു.

ശാരീരിക വെല്ലുവിളി അത്രത്തോളം തന്നെ ശക്തമായിരുന്നു. ശരീരം യാത്ര ഉപേക്ഷിക്കാൻ പല അവസരങ്ങളിലും നിർബന്ധിച്ചു. മുമ്പ് എപ്പോഴും അവഗണിച്ചിരുന്ന ആന്തരികശബ്ദം വേദനിക്കുന്ന പാദങ്ങളെ വീണ്ടും ചുവടുവെക്കാൻ പ്രേരിപ്പിച്ചു. രാത്രിയാകുമ്പോഴേക്ക് തളരും. രാവിലെ ശരീരം മരവിച്ച്, അവയവങ്ങൾ വേദനിക്കുന്ന പ്രത്യേക അവസ്ഥയിലാവും. പക്ഷേ, ആന്തരിക ശബ്ദം അത് അവഗണിച്ച് മുന്നോട്ടുപോകാൻ പ്രേരിപ്പിച്ചു. ദണ്ഡിയിലെ കടപ്പുറത്ത് എത്തുന്നത് ഞാൻ കാലിൻെറ കഴിവിനെക്കാൾ ആന്തരിക ശബ്ദത്തിൻെറ കരുത്തിലായിരുന്നു. ഈ യാത്ര ജീവിതം മാറ്റിമറിക്കുന്നതായിരുന്നു. ഈ മാർച്ചിൽ അദ്ഭുതകരമായ കാര്യം സംഭവിച്ചു. ബാപ്പുവിനെയും അദ്ദേഹത്തിൻെറ 80 അംഗ സംഘത്തെയുംപോലെ ഞങ്ങളും തിങ്കളാഴ്ചകളിലാണ് വിശ്രമിച്ചത്. ഇന്ത്യക്കാർക്കും പാകിസ്താൻകാർക്കും പതിവെന്നപോലെ ഞങ്ങൾ ഇടവേളയിൽ ക്രിക്കറ്റ് കളിച്ചു. ഞങ്ങൾ പരസ്പരം ഇടകലർന്ന് സൗഹൃദ മത്സരങ്ങൾ നടത്തി. സൂറത്തിൽവെച്ച് മാർച്ചിനിടയിൽ ഞങ്ങൾ ഇന്ത്യയും പാകിസ്താനും തമ്മിലുള്ള ക്രിക്കറ്റ് മത്സരം നടത്തി. അദ്ഭുതപ്പെടുത്തുന്ന രീതിയിൽ അതൊരു ഇന്ത്യ-പാക് മത്സരമായി. അതിന് അംപയറായി നിന്നത് രണ്ട് ബ്രിട്ടീഷുകാരായ സംഘാംഗങ്ങളായിരുന്നു. ഈ വിരോധാഭാസം കണ്ട് ബാപ്പു നിശ്ചയമായും ചിരിച്ചിട്ടുണ്ടാകും.

**കുടുംബത്തോടൊപ്പം ഒറ്റപ്പെട്ട ജീവിതം നയിക്കുകയായിരുന്നു ഗോപാൽ ഗോദ്സെ. ഞങ്ങൾ അവരോട് ക്ഷമിച്ചിരിക്കുന്നുവെന്നും അവർക്കെതിരെ ദേഷ്യം പുലർത്തുന്നില്ലെന്നും അറിയിക്കാൻ മുത്തശ്ശി ആഗ്രഹിച്ചു. അതിനാലായിരുന്നു സന്ദർശനം.**

**താങ്കൾ ഒരിക്കൽ സമാജ്വാദി പാർട്ടിയിൽ ചേർന്നിരുന്നു. പിന്നീട് കോൺഗ്രസിലും. എന്തുകൊണ്ടാണ് സമാജ്വാദി പാർട്ടി വിട്ടത്? കുഴപ്പങ്ങൾ നിറഞ്ഞ ഇക്കാലത്ത് രാജ്യം നയിക്കാനുള്ള യഥാർഥ ബദലായി താങ്കൾ കോൺഗ്രസിനെ കാണുന്നുണ്ടോ?**



↑ 'ലെറ്റ്സ് കിൽ ഗാന്ധി' എന്ന പുസ്തകവുമായി തുഷാർ ഗാന്ധി

● സമാജ്വാദി പാർട്ടിയിൽ ഞാൻ ചേർന്നത് ഒരു അബദ്ധമായിരുന്നു. രാഷ്ട്രീയ മേഖലയിൽ സജീവമാകാനാവാതെ ഞാൻ നിരാശനായിരുന്നു. അതിനാൽ കിട്ടിയ ഏത് അവസരവും ഉപയോഗിക്കാനുള്ള ശ്രമത്തിലായിരുന്നു. ഞാൻ ബാപ്പുവിൻെറ ട്രസ്റ്റിഷിപ് ആദർശത്തിലും ലോഹ്യയുടെയും ജയപ്രകാശ് നാരായണൻെറയും സോഷ്യലിസത്തിലും വിശ്വസിച്ചിരുന്നു. സമാജ്വാദി പാർട്ടിയാണ് എന്നെ സംബന്ധിച്ച് മാതൃകാപരമായ ഇടം എന്ന് കരുതി. പിന്നീട് അതിൻെറ ആശയശാസ്ത്രമില്ലായ്മയും കാപട്യവും മനസ്സിലായി. ഒന്നരവർഷത്തിന് ശേഷം അത് അസഹനീയമായി. തെറ്റ് തിരുത്താൻ തീരുമാനിച്ചു; സമാജ്വാദി പാർട്ടി വിട്ടു. അപ്പോഴും എനിക്ക് രാഷ്ട്രീയ അഭിവാഞ്ഛകൾ ഉണ്ടായിരുന്നു. അതിനാൽ കോൺഗ്രസിൽ ചേർന്നു. ഞാൻ വിശ്വസിച്ചത് വോട്ടർമാർക്കിടയിൽ വർധിക്കുന്ന വർഗീയവത്കരണത്തെയും സംഘ് രാഷ്ട്രീയത്തിൻെറ വർധിക്കുന്ന സ്വാധീനത്തിനും കോൺഗ്രസിന് വെല്ലുവിളി ഉയർത്താനാകുമെന്നാണ്. ഒരു രാഷ്ട്രീയക്കാരൻ എന്ന നിലയിലെ കഴിവിനെപ്പറ്റി എനിക്ക് സംശയം തോന്നിത്തുടങ്ങിയെങ്കിലും അത് അംഗീകരിക്കാൻ മനസ്സ് കൂട്ടാക്കിയിരുന്നില്ല. ലോക്സഭാ തെരഞ്ഞെടുപ്പിന് സീറ്റ് ലഭിക്കുക എന്ന ശ്രമം പരാജയപ്പെട്ടപ്പോൾ ഞാൻ സജീവ രാഷ്ട്രീയത്തിൽനിന്ന് പിന്മാറി. എൻെറ അഭാവം കോൺഗ്രസിന് പ്രശ്നമേ ആയിരുന്നില്ല. കോൺഗ്രസിന് വർഗീയശക്തികൾക്കെതിരെ വെല്ലുവിളിയാകാൻ കഴിയുമെന്നുതന്നെയാണ് വിശ്വസിക്കുന്നത്. പക്ഷേ, കോൺഗ്രസ് സ്വയം കണ്ടെത്തുകയും മൃതാശയങ്ങളിൽനിന്ന് മുക്തമാവുകയും വേണം. അത് വേരുകളിലേക്ക് തിരിച്ചുപോകുകയും നെഹ്റുവിയൻ ലിബറൽ, മതേതരത്വ, ജനാധിപത്യ മൂല്യങ്ങൾ വീണ്ടെടുത്ത് ദീർഘദർശനമുള്ളതുമായി മാറണം. അപ്പോൾ മാത്രമേ വർഗീയതയുടെയും അസഹിഷ്ണുതയുടെയും ശക്തികൾക്കെതിരെ കോൺഗ്രസിന് വെല്ലുവിളി ഉയർത്താനും രാജ്യത്തെ നയിക്കാനും കഴിയൂ.

**'ലെറ്റ്സ് കിൽ ഗാന്ധി' എന്ന പുസ്തകത്തിൽ ഗാന്ധിജിയെ കൊല്ലാൻ ഗൂഢാലോചന നടത്തിയതിന് ബ്രാഹ്മണരെ നിങ്ങൾ കുറ്റപ്പെടുത്തുന്നുണ്ട്. എല്ലാ ബ്രാഹ്മണരെയും കുറ്റപ്പെടുത്തുന്നതായി വിമർശകർ താങ്കൾക്കെതിരെ ആരോപണം ചൊരിഞ്ഞു. എന്താണ് ആ പുസ്തകരചനക്ക് താങ്കളെ പ്രേരിപ്പിച്ചത്?**

● രോഷത്തിൽനിന്നാണ് 'ലെറ്റ്സ് കിൽ ഗാന്ധി' ജനിക്കുന്നത്. ബാപ്പുവിൻെറ ഘാതകരായ ഹിന്ദുത്വശക്തികൾ അഴിച്ചുവിട്ട പ്രചാരണത്തിലാണ് എനിക്ക് ദേഷ്യം തോന്നിയത്. 'ഗാന്ധിയന്മാരുടെ' മൗനം എന്നെ കൂടുതൽ രോഷം കൊള്ളിച്ചു. അങ്ങനെ സത്യം സ്വയം കണ്ടെത്തണമെന്നും അത് ജനങ്ങളുമായി പങ്കുവെക്കണമെന്നുമുള്ള തീരുമാനത്തിൽ ഞാൻ എത്തി. ബാപ്പുവിൻെറ കൊലപാതകത്തിന് മൊത്തം ബ്രാഹ്മണ സമുദായത്തെ കുറ്റപ്പെടുത്തുന്ന തരത്തിൽ എനിക്കെതിരെ ഉയർന്ന വികാരം ഒരു റിപ്പോർട്ടറുടെ ബോധപൂർവമായ തെറ്റായ റിപ്പോർട്ടിങ്ങിൻെറ ഫലമായാണ്. ബാപ്പുവിൻെറ കൊലപാതകത്തിന് ഞാൻ ബ്രാഹ്മണരെ കുറ്റപ്പെടുത്തിയെന്ന രീതിയിൽ പി.ടി.ഐ റിപ്പോർട്ടർ എഴുതുന്നത് ഞാൻ കണ്ടു. ഞാൻ പറഞ്ഞത് ബാപ്പുവിൻെറ കൊലപാതകത്തിന് കുറ്റമാരോപിക്കപ്പെട്ട എല്ലാവരും ബ്രാഹ്മണരാണെന്നും അവരെ പിന്തുണച്ച എല്ലാവരും ബ്രാഹ്മണരാണെന്നുമാണ്. ഞാനത് അന്നേരംതന്നെ ആ റിപ്പോർട്ടർക്ക് തിരുത്തി പറഞ്ഞുകൊടുത്തു. എന്നാൽ, ആ റിപ്പോർട്ടർ തെറ്റായ കാര്യം പറഞ്ഞുതന്നെയാണ് റിപ്പോർട്ട് ഫയൽ ചെയ്തത്. ബ്രാഹ്മണർ എന്നിൽനിന്ന് വാസ്തവം തേടാതെ രോഷാകുലരായി. 'ലെറ്റ്സ് കിൽ ഗാന്ധി' എന്ന പുസ്തകത്തിൽ എഴുതിയ ഓരോ വാക്കിലും ഞാൻ ഉറച്ചുനിൽക്കുന്നു. ബാപ്പുവിൻെറ കൊലപാതകത്തോടും അതിനെ ന്യായീകരിക്കാനുള്ള കള്ളങ്ങളോടും എനിക്ക് തോന്നിയ ദേഷ്യം അകറ്റാൻവേണ്ടിയാണ് എഴുതിയതെങ്കിലും ആ പുസ്തകത്തിൽ ഞാൻ അഭിമാനിക്കുന്നു.


↑ ഗോപാൽ ഗോദ്സെ -പഴയചിത്രം

**പുണെയിൽ ചെന്ന് എഴുപതുകളിൽ ഗോപാൽ ഗോദ്സെയെ താങ്കൾ കണ്ടിരുന്നു. മുത്തശ്ശിയും ഗോപാൽ ഗോദ്സെയെ സന്ദർശിക്കാനും മാപ്പുനൽകാനും ആഗ്രഹിച്ചിരുന്നതായി താങ്കൾ പറഞ്ഞിരുന്നു. അക്കാലത്ത് ഗോദ്സെ കുടുംബം ഒറ്റപ്പെട്ട അവസ്ഥയിലായിരുന്നു. ആ കൂടിക്കാഴ്ചയെപ്പറ്റി പറയാമോ?**

● എഴുപതുകളിൽ ഒരു സന്ദർശനത്തിനിടെ മുത്തശ്ശി പുണെയിൽ ഗോദ്സെ കുടുംബത്തെ സന്ദർശിക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. അക്കാലത്ത് വധക്കേസിൽ ജയിലിൽനിന്ന് ഗോപാൽ ഗോദ്സെ മോചിതനായതേ ഉണ്ടായിരുന്നുള്ളൂ. കുടുംബത്തോടൊപ്പം ഒറ്റപ്പെട്ട ജീവിതം നയിക്കുകയായിരുന്നു ഗോപാൽ ഗോദ്സെ. ഞങ്ങൾ അവരോട് ക്ഷമിച്ചിരിക്കുന്നുവെന്നും അവർക്കെതിരെ ദേഷ്യം പുലർത്തുന്നില്ലെന്നും അറിയിക്കാൻ മുത്തശ്ശി ആഗ്രഹിച്ചു. അതിനാലായിരുന്നു സന്ദർശനം. കാലം പെട്ടെന്ന് മാറി. എൺപതുകളിലും തൊണ്ണൂറുകളിലും ഗോപാൽ ഗോദ്സെ മതഭ്രാന്തരുടെ പോസ്റ്റർ ബോയിയായി മാറി. ബാപ്പുവിൻെറ മരണത്തെ ന്യായീകരിക്കാനും തുടങ്ങി. അവരുടെ പ്രവൃത്തിക്കുള്ള ഞങ്ങളുടെ അംഗീകാരമായി ഗോപാൽ ഗോദ്സെ ഞങ്ങളുടെ സന്ദർശനം പരാമർശിക്കാനും തുടങ്ങി. അപ്പോൾ അതായി കൂടിക്കാഴ്ചയുടെ വ്യാഖ്യാനം. ഒരിക്കലും ഗോപാൽഗോദ്സെയുടെ ചെ


പുസ്തകക്കാഴ്ച

കേരളശാസ്ത്രസാഹിത്യ പരിഷത്ത്
വിജ്ഞാനരാജി
ഹൈസ്കൂൾ – ഹയർസെക്കൻററി സ്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടി
10 പ്രൗഢഗ്രന്ഥങ്ങൾ – 1200 പേജുകൾ

മനുഷ്യമസ്തിഷ്കം
അത്ഭുതങ്ങളുടെ കലവറ
ഡോ. ബി. ഇക്ബാൽ

പൂജ്യവും അനന്തവും
പ്രൊഫ. സി.വി. രമേശൻ, പ്രവീൺചന്ദ്രൻ

ചരിത്രം ഉണ്ടാകുന്നത് എങ്ങനെ?
ഡോ. കെ.എൻ.ഗണേശ്

പണത്തിന്റെ കഥ
പ്രൊഫ. ടി.പി. കുഞ്ഞിക്കണ്ണൻ

ഭൗതികലോകം
പ്രൊഫ. കെ.ശ്രീധരൻ

നമ്മുടെ പശ്ചിമഘട്ടം
ഡോ. ജിജു പി. അലക്സ്

രസതന്ത്രം
ഭാഷയും വ്യാകരണവും
പ്രൊഫ. പി.കെ. രവീന്ദ്രൻ

കവിതയുടെ ഹൃദയം
പ്രൊഫ. കെ.പി. ശങ്കരൻ

ആറ് ശാസ്ത്രനാടകങ്ങൾ
എ. അബൂബക്കർ

കടൽജീവികളുടെ ലോകം
ഡോ. ബാലകൃഷ്ണൻ ചെറൂപ്പ

പ്രീ പബ്ലിക്കേഷൻ ആനുകൂല്യം
മുഖവില – 1000 രൂപ
പ്രീ പബ്ലിക്കേഷൻ വില – 750 രൂപ
ആദ്യഗഡു – 400 രൂപ (2016 ജനുവരി 10ന് മുമ്പ്)
രണ്ടാം ഗഡു – 350 രൂപ (2016 ഫെബ്രുവരി 1ന് മുമ്പ്)
ഫെബ്രുവരി 28ന് പ്രസിദ്ധീകരിക്കുന്നു

എം.ഒ./ഡി.ഡി. അയയ്ക്കേണ്ട വിലാസം
ട്രഷറർ, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
പരിഷത്ത് ലെയിൻ, ഗുരുവായൂർ റോഡ്, തൃശൂർ – 4
ഫോൺ : 0487 – 2381084 മൊബൈൽ : 9446382813
e-mail : publicationkssp@gmail.com

യ്തികളെ ഞങ്ങൾ അംഗീകരിച്ചിട്ടില്ല.

**ഗാന്ധി കുടുംബത്തിൽ ആളുകൾക്ക് എളുപ്പത്തിൽ സമീപിക്കാവുന്ന അംഗങ്ങളിൽ ഒരാളാണ് താങ്കൾ. എന്നാൽ, നിങ്ങൾ 'പീലി ചണ്ഡി' മാർ എന്ന് വിളിക്കുന്ന ആർ.എസ്.എസ് നേതാക്കളും കേഡർമാരും ട്വിറ്ററിൽ നിങ്ങളെ എപ്പോഴും ആക്രമിക്കാൻ ശ്രമിക്കുന്നതായി കാണാം. ട്വിറ്ററിലാകട്ടെ നിങ്ങൾക്ക് വലിയ ഫോളോവേഴ്സുമുണ്ട്. സൈബർ ആക്ടിവിസത്തെപ്പറ്റി എന്തു പറയും? അതാണോ വിപുലമായ വൃത്തത്തിലേക്ക് താങ്കളെ എത്തിക്കുന്നത്?**

● സോഷ്യൽ മീഡിയയുടെ ശക്തി ഞാൻ തിരിച്ചറിഞ്ഞിട്ടുണ്ട്. അതിനാൽ തന്നെ വിശ്വസിക്കുന്ന കാര്യങ്ങൾ കൂടുതൽ പേരിൽ എത്തിക്കാൻ ഞാനത് നന്നായി ഉപയോഗിക്കുന്നു. ഞാനൊരിക്കലും ഈ മാധ്യമം സ്വന്തം പബ്ലിസിറ്റിക്കായി ഉപയോഗിച്ചിട്ടില്ല. ആളുകൾ ഞാനൊരു പബ്ലിസിറ്റി തൽപരനാണെന്ന തലത്തിൽ ആക്ഷേപിച്ചിട്ടുണ്ട്. പക്ഷേ, ഞാനൊരിക്കലും എന്നെ പ്രമോട്ട് ചെയ്യാൻ മാധ്യമം ഉപയോഗിച്ചിട്ടില്ല. ഞാൻ വിശ്വസിക്കുന്ന കാര്യങ്ങൾക്കായാണ് സോഷ്യൽമീഡിയ ഉപയോഗിക്കുന്നത്. ഇതാവണം കുടുംബത്തിൽ ഏറ്റവും ദൃശ്യപരത എനിക്ക് നൽകുന്നത്.

ട്വിറ്ററിൽ എനിക്ക് പോരാടുന്ന വ്യക്തിയായി തുടരേണ്ടിവരുന്നു എന്നത് സത്യമാണ്. സോഷ്യൽമീഡിയയിൽ 'പീലി ചണ്ഡി'മാർക്ക് അഥവാ സംഘികൾക്ക് വലിയ സാന്നിധ്യവും സ്വാധീനവുമുണ്ട്. അവർ വെറുപ്പ്, അസഹിഷ്ണുത, വർഗീയവേർതിരിവിന് ഉതകുന്ന വാർത്തകൾ എന്നിവ പ്രചരിപ്പിക്കാനായി ശ്രമിക്കുന്നു. അതിനാൽതന്നെ അവരെ എതിരിടാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു. ട്വിറ്ററിൽ വളരെയേറെ പേർ എന്നെ പിന്തുടരുന്നതും പോസ്റ്റുകൾ വായിക്കുന്നതും സന്തോഷകരമാണ്. അവിടെ ഞാൻ ഹൃദയംകൊണ്ട് സംസാരിക്കുകയും സ്വന്തം നിശ്ചയപ്രകാരം 'പീലി ചണ്ഡി'കൾക്കെതിരെ പോരാട്ടം നടത്തുകയും ചെയ്യുന്നു.

**താങ്കൾ സ്ഥാപിച്ച മഹാത്മാ ഗാന്ധി ഫൗണ്ടേഷന്റെ പ്രവർത്തനങ്ങളെപ്പറ്റി കൂടുതൽ വ്യക്തമാക്കാമോ?**

**വിശ്വസിക്കുന്ന കാര്യങ്ങൾ കൂടുതൽ പേരിൽ എത്തിക്കാൻ സോഷ്യൽ മീഡിയ ഞാൻ നന്നായി ഉപയോഗിക്കുന്നു. ഞാനൊരിക്കലും ഈ മാധ്യമം സ്വന്തം പബ്ലിസിറ്റിക്കായി ഉപയോഗിച്ചിട്ടില്ല. ആളുകൾ ഞാനൊരു പബ്ലിസിറ്റി തൽപരനാണെന്ന തലത്തിൽ ആക്ഷേപിച്ചിട്ടുണ്ട്.**

● ബാപ്പുവുമായി ബന്ധപ്പെട്ട എല്ലാത്തിനും ഒരു ഡിജിറ്റൽ ആർക്കൈവ്സ് രൂപവത്കരിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഗാന്ധി ഫൗണ്ടേഷൻ ഞാൻ സ്ഥാപിക്കുന്നത്. തുടക്കത്തിൽ ഈ ലക്ഷ്യത്തിന് സിലിക്കോൺ വാലി ഇന്ത്യൻ ഐ.ടി സംരംഭകരിൽനിന്ന് വലിയ ഗ്രാന്റ് വാഗ്ദാനം ചെയ്യപ്പെട്ടു. അതിനാൽ ഞങ്ങൾ പദ്ധതിക്ക് തുടക്കംകുറിച്ചു. വാഗ്ദാനം ചെയ്യപ്പെട്ട തുകയുടെ പകുതിയേ യാഥാർഥ്യമാക്കാനായുള്ളൂ. ബാക്കി ലഭിച്ചില്ല. കിട്ടിയ പണം ചെലവഴിച്ചുകഴിഞ്ഞിരുന്നു. അതോടെ പദ്ധതി പൊളിഞ്ഞു. പക്ഷേ, അപ്പോഴേക്കും വളരെയധികം മൾട്ടിമീഡിയ കണ്ടന്റ് ഞങ്ങൾ ഡിജിറ്റലൈസ് ചെയ്തിരുന്നു. അത് എല്ലാം www.mahatma.org.in ൽ ലഭ്യമാണ്. ബാപ്പുവിനെപ്പറ്റി സമഗ്രമായ വിവരങ്ങൾ അടങ്ങിയ വെബ്സൈറ്റുകളിൽ ഒന്നാണത്. ഗാന്ധിജിയെപ്പറ്റിയുള്ള വിവരങ്ങൾക്ക് ഇപ്പോഴും കൂടുതൽ പേർ തിരയുന്ന സൈറ്റുകളിൽ ഒന്നാണത്. നിരവധി തവണ വൈറ്റ്ഹൗസ് പോലും ഞങ്ങളെപ്പറ്റി പരാമർശിച്ചിട്ടുണ്ട്.

രക്ഷപ്പെടുത്തിയ കുട്ടിത്തൊഴിലാളികൾക്കായി കോലാപൂരിൽ നയിതാലിം സ്കൂളും വീടും പണിയാനുള്ള ശ്രമത്തിലാണ് ഇപ്പോൾ ഗാന്ധി ഫൗണ്ടേഷൻ. ഞങ്ങൾ അഞ്ചേക്കർ ഭൂമി വാങ്ങിക്കുകയും കെട്ടിടംപണി തുടങ്ങുകയും ചെയ്തു. എന്നാൽ കാമ്പസ് പണിയാനായി പണം കണ്ടെത്തേണ്ടതുണ്ട്.

സമാധാനം, അക്രമരാഹിത്യം തുടങ്ങിയ ഗാന്ധിയൻ മൂല്യങ്ങളിൽ വിശ്വസിക്കുന്നവരെ ഉൾപ്പെടുത്തി വിദേശത്ത് ഫൗണ്ടേഷന്റെ ചാപ്റ്ററുകൾ തുടങ്ങുന്നതിനും ഫൗണ്ടേഷൻ പ്രോത്സാഹനം നൽകുന്നു. ഇതിനകം മെക്സിക്കോയിൽ ഒരു ചാപ്റ്റർ തുടങ്ങിയിട്ടുണ്ട്. വെനിസ്വേലയിൽ ചാപ്റ്റർ സ്ഥാപിക്കുന്ന പ്രക്രിയയിലാണിപ്പോൾ.

**ഈ കാലത്ത് പുതുതലമുറ എങ്ങനെ പ്രവർത്തിക്കണമെന്നാണ് താങ്കൾ കരുതുന്നത്?**

● കാണുന്നതും കേൾക്കുന്നതുമായ ഒന്നിനെയും ചോദ്യം ചെയ്യാതെ വിശ്വസിക്കരുതെന്നാണ് യുവതലമുറയോട് പറയാനുള്ളത്. ഇത് സ്പിൻഡോക്ടർമാരുടെയും ഫോട്ടോഷോപ്പിന്റെയും കാലമാണ് എന്നത് ഓർക്കണം. അക്രമോത്സുകതയും ഗർവും ആകർഷകമായി തോന്നാമെങ്കിലും നിലനിൽക്കുക അസാധ്യമാണ്. ചോദ്യങ്ങൾ ഉന്നയിക്കുക, എന്നിട്ട് നിശ്ചിതഘട്ടത്തിൽ മാത്രം വിശ്വസിക്കുക. പുരോഗതി നല്ലതാണ്. എന്നാൽ ശാസ്ത്രീയമല്ലാത്ത പുരോഗതി ഗുണകരമല്ല. വ്യക്തികൾ ഒറ്റപ്പെട്ട ഓരോ ദ്വീപല്ല എന്നത് ഓർക്കണം. പഴയത് ആകർഷകമായിരിക്കില്ല. എന്നാൽ, അവരുടെ അനുഭവസമ്പത്ത് അമൂല്യമാണ്. യുവത്വം എളുപ്പം വളയും. അതിനാൽതന്നെ തങ്ങളുടെ ബൗദ്ധികതയെ പ്രചാരണത്തിന് കീഴ്പ്പെടുത്താതെ നോക്കാൻ യുവത്വം ശ്രദ്ധിക്കണം. സഹിഷ്ണുത ദുർബലതയുടെ ലക്ഷണമല്ലെന്നും യുവത അറിയണം. ഉൾക്കൊള്ളൽ ഒരു ഗുണവിശേഷമാണ്. സ്വീകരിക്കാനും ആദരിക്കാനുമുള്ള വിശാലമായ ഹൃദയമാണ് ആവശ്യം. അതാണ് കാലവും രാജ്യവും ഇപ്പോൾ ആവശ്യപ്പെടുന്നത്. ●

ഫ്രൻഡ്സ് ഓഫ് തിബത്ത്, ഡിസൈൻ ആൻഡ് പീപ്പിൾ എന്നീ സംഘടനകളുടെ സ്ഥാപകനും സാമൂഹികപ്രവർത്തകനുമാണ് കൊച്ചി സ്വദേശിയായ സേതു ദാസ്. പഠനം ബറോഡ എം.എസ് യൂനിവേഴ്സിറ്റിയിൽ ഫൈൻ ആർട്സിലും ഉപരിപഠനം മുംബൈ ഐ.ഐ.ടിയിൽ ഇൻഡസ്ട്രിയൽ ഡിസൈനിലും.